# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2024 ഡിസംബർ 19 | ദീപം 57 | നാളം 41 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# ഭാരതത്തിന്റെ അഭിമാനം കർദിനാൾ മാർ ജോർജ് കൂവക്കാട്



ഭാരതത്തിനും കേരളത്തിനും അഭിമാനമായി ചങ്ങനാശേരി അതിരൂപതാംഗമായ മാർ ജോർജ് ജേക്കബ് കൂവക്കാട് കർദിനാളായി സ്ഥാനാരോഹണം ചെയ്തിരിക്കുന്നു.

ഡിസംബർ 7 ശനി ഇന്ത്യൻ സമയം രാത്രി 8.30 ന് (വത്തിക്കാൻ സമയം വൈകുന്നേരം നാല്) വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ നടന്ന കൺസിസ്റ്ററിയിൽ മാർ ജോർജ് കൂവക്കാട് ഉൾപ്പെടെ 21 പേരെ ഫ്രാൻസിസ് മാർപാപ്പാ കർദിനാൾ പദവിയിലേക്ക് ഉയർത്തി.

പ്രതിജ്ഞയ്ക്കുശേഷം ഓരോരുത്തരെയും മാർപാപ്പായുടെ അടുത്തേക്കു ക്ഷണിക്കുകയായിരുന്നു. സ്ഥാനികചിഹ്നങ്ങളായ മുടിയും മോതിരവും സ്ഥാനികദേവാലയം നിശ്ചയിച്ചുകൊണ്ടുള്ള ബൂളയും മാർപാപ്പാ നവകർദിനാൾമാർക്കു നൽകി അവരെ ആശീർവദിച്ചു. ഇരുപതാമതായാണ് മാർ കൂവക്കാട് സ്ഥാനചിഹ്നങ്ങൾ സ്വീകരിച്ചത്.

മാർ ജോർജ് ആലഞ്ചേരി, മാർ ക്ലീമിസ് കാതോലിക്കാബാവ ഉൾപ്പെടെയുള്ള കർദിനാൾമാർ തിരുക്കർമങ്ങളിൽ പങ്കാളികളായി. സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ, ചങ്ങനാശേരി ആർച്ചുബിഷപ് മാർ തോമസ് തറയിൽ, ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം, മാർ തോമസ് പാടിയത്ത്, മാർ സ്റ്റീഫൻ ചിറപ്പണത്ത് ഉൾപ്പെടെ ആർച്ചുബിഷപ്പുമാരുടെയും ബിഷപ്പുമാരുടെയും നീണ്ടനിര തിരുക്കർമങ്ങളിൽ സവിശേഷ സാന്നിധ്യമായിരുന്നു.

കേന്ദ്ര സഹമന്ത്രി ജോർജ് കുര്യന്റെ നേതൃത്വത്തിലുള്ള ഏഴംഗ ഔദ്യോഗികപ്രതിനിധി സംഘത്തിനു പുറമേ മാർ ജോർജ് കൂവക്കാടിന്റെ കുടുംബാംഗങ്ങളുൾപ്പെടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള നൂറുകണക്കിനു മലയാളികളും മറ്റു കർദിനാൾമാരുടെ രാജ്യത്തു നിന്നുള്ളവരുമടക്കം ആയിരങ്ങളാണ് ചടങ്ങിനു സാക്ഷ്യം വഹിക്കാനെത്തിയത്.

പ്രാദേശികസമയം വൈകുന്നേരം നാലോടെ നിയുക്ത കർദിനാൾമാർ പ്രദക്ഷിണമായി അൾത്താരയിലെത്തി. തുടർന്ന് ചടങ്ങിനു തുടക്കമായി മാർപാപ്പാ പ്രാർഥന നടത്തി. വിശുദ്ധ പത്രോസിന്റെ സിംഹാസനത്തോടു ചേർന്ന് സഭാശുശ്രൂഷ നിർവഹിക്കാൻ മാർപാപ്പാ അറിയിച്ചു. പിന്നീട് കർദിനാൾമാർ വിശ്വാസപ്രമാണം ചൊല്ലി സഭയോടും അതിന്റെ പാരമ്പര്യത്തോടുമുള്ള വിധേയത്വം പ്രഖ്യാപിച്ചു.

തുടർന്ന്, കർദിനാൾമാർ ഓരോരുത്തരായി മാർപാപ്പയ്ക്കു മുന്നിലെത്തി വിധേയത്വം പ്രഖ്യാപിച്ചു. ക്രിസ്തുവിനോടും തിരുവചനങ്ങളോടും റോമിലെ പരിശുദ്ധ സിംഹാസനത്തോടും വാക്കിലും പ്രവൃത്തിയിലും മരണംവരെയും വിശ്വസ്തത പുലർത്തുമെന്നും ദൈവമഹത്ത്വത്തിനും വിശ്വാസസംരക്ഷണത്തിനുംവേണ്ടി രക്തം ചിന്താൻ തയ്യാറാണെന്നുമുള്ള പ്രതിജ്ഞ കർദിനാൾമാർ ചൊല്ലി. തുടർന്നാണ് സ്ഥാനചിഹ്നങ്ങളായ മുടിയും മോതിരവും മാർപാപ്പാ അണിയിച്ചത്.

തിരുക്കർമങ്ങൾക്കുശേഷം ഏതാനും സഹോദരങ്ങളെ കർദിനാൾ തിരുസംഘത്തിൽ ഉൾപ്പെടുത്താൻ ആഗ്രഹിക്കുന്നതായി മാർപാപ്പാ അറിയിച്ചു. തുടർന്ന് സുവിശേഷവായന നടന്നു.

ദൈവമഹത്ത്വത്തിനും സഭയുടെ പുകഴ്ചയ്ക്കുമായി ഇവരെ കർദിനാൾപദവിയിലേക്ക് ഉയർത്തുന്നതായി ഓരോരുത്തരുടെയും പേരുകൾ ചൊല്ലി നവകർദിനാൾമാർ മാർപാപ്പായുമായി കൂടിക്കാഴ്ച നടത്തി. ഞായറാഴ്ച രാവിലെ വത്തിക്കാൻ സമയം 9.30 ന് മാതാവിന്റെ അമലോദ്ഭത്തിരുനാളിന്റെ ഭാഗമായ വിശുദ്ധ കുർബാനയ്ക്കു മാർപാപ്പായോടൊപ്പം നവകർദിനാൾമാരും സീറോ മലബാർ സഭയിൽനിന്നു പ്രത്യേകമായി ക്ഷണം ലഭിച്ച വൈദികരും സഹകാർമികരായി.

വൈകുന്നേരം സാന്ത അനസ്താസിയ സീറോ മലബാർ ബസിലിക്കയിൽ മാർ ജോർജ് കൂവക്കാടിന്റെ കാർമികത്വത്തിൽ മലയാളത്തിൽ കൃതജ്ഞതാബലിയർപ്പണവും തുടർന്ന് സ്വീകരണസമ്മേളനവും നടന്നു. ഇന്ത്യയിൽ വൈദികരിൽനിന്നു നേരിട്ട് ആദ്യമായി കർദിനാളായി ഉയർത്തപ്പെടുന്ന മാർ ജോർജ് ജേക്കബ് കൂവക്കാട് ചങ്ങനാശേരി അതിരൂപതയിലെ മാമ്മൂട് ഇടവകാംഗമാണ്.

മാർ ജോർജ് കൂവക്കാടും യുക്രെയ്ൻ കത്തോലിക്കാസഭയുടെ മെൽബൺ ബിഷപ് മാർ മിക്കോളാ ബീച്ചും ഒഴികെയുള്ളവർ ചുവന്ന മുടിയാണ് ധരിച്ചത്. പൗരസ്ത്യ സുറിയാനിപാരമ്പര്യത്തിലുള്ള വൈദികമേലധ്യക്ഷന്മാരുടെ വേഷവിധാനമായിരുന്നു മാർ കൂവക്കാടിന്റേത്. കറുപ്പും ചുവപ്പുമുള്ള മുടിയാണ് മാർ കൂവക്കാടിന്റേത്. മാർ മിക്കോളാ ബിച്ച് യുക്രെയിൻ സഭയുടെ പാരമ്പര്യത്തിലുള്ള വേഷവിധാനത്തിലായിരുന്നു. 44 വയസ്സുമാത്രമുള്ള മാർ മിക്കോളാ ബിച്ചാണ് ഏറ്റവും പ്രായം കുറഞ്ഞ കർദിനാൾ.

2004 ൽ പൗരോഹിത്യം സ്വീകരിച്ച മാർ ജോർജ് കൂവക്കാട് ഇരുപതാംവർഷമാണ് കത്തോലിക്കാസഭയിലെ ഏറ്റവും ഉന്നതരുടെ ശ്രേണിയിലേക്ക് എത്തുന്നത്. സീറോ മലബാർ സഭയിൽനിന്നുള്ള അഞ്ചാമത്തെ കർദിനാളും കേരളസഭയിൽനിന്നുള്ള ആറാമത്തെ കർദിനാളുമാണ്. മാർ ജോസഫ് പാറേക്കാട്ടിൽ, മാർ ആന്റണി പടിയറ, മാർ വർക്കി വിതയത്തിൽ, മാർ ജോർജ് ആലഞ്ചേരി എന്നീ കർദിനാൾമാർ സീറോ മലബാർ സഭാംഗങ്ങളും കർദിനാൾ ബസേലിയോസ് മാർ ക്ലീമിസ് മലങ്കര കത്തോലിക്കാസഭാംഗവുമാണ്.

പ്രിൻസ് ഓഫ് ദ ചർച്ച് (സഭയുടെ രാജകുമാരൻ) എന്നാണ് കർദിനാൾമാരെ വിളിക്കുന്നത്. അവർ വഹിക്കുന്ന പദവിയുടെ വലുപ്പവും അതു നൽകുന്ന ഉത്തരവാദിത്വവും വ്യക്തമാക്കുന്നതാണ് ഈവിളിപ്പേര്. കർദിനാൾ എന്ന വാക്ക് കാർഡോ എന്ന വാക്കിൽ നിന്നാണ് ഉദ്ഭവിച്ചിരിക്കുന്നത്. കാർഡോ എന്ന വാക്കിന്റെ അർഥം വിജാഗിരി എന്നാണ്.

▶12



മാർ ജോർജ് കൂവക്കാട്ടിനെ ഫ്രാൻസിസ് മാർപാപ്പ കർദിനാളിന്റെ സ്ഥാനചിഹ്നമായ മുടി ധരിപ്പിക്കുന്നു.

# നിത്യവിശുദ്ധിയുടെ വിശ്വാസഗോപുരം

## പാലാ ജൂബിലിക്കപ്പേളയിലെ അമലോദ്ഭവമാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് ഡിസംബർ എട്ടിന് വിശുദ്ധകുർബാനമധ്യേ നല്കിയ വചനസന്ദേശത്തിൽനിന്ന്:



മാർ ജോസഫ് കല്ലറങ്ങാട്ട്

**പാ**ലാപ്പട്ടണത്തിന്റെ പ്രതീകമായ കുരിശുപള്ളിയിൽ അമലോദ്ഭവമാതാവിന്റെ തിരുനാൾ നാം ആഘോഷിക്കുകയാണ്. പരിശുദ്ധ അമ്മ നമ്മുടെ ജീവിതത്തിൽ എപ്രകാരമുള്ള സ്വാധീനമാണു ചെലുത്തുന്നതെന്നു നമ്മെ പഠിപ്പിക്കുന്ന, ഓർമപ്പെടുത്തുന്ന വലിയ തിരുനാളാണിത്. ഇന്നു നമ്മൾ കേട്ട തിരുവചനം (വി. ലൂക്കാ 1:46-53)മറിയത്തിന്റെ സ്തോത്രഗീതം എന്ന പേരിൽ അറിയപ്പെടുന്ന സുവിശേഷഭാഗമാണ്. അതിമനോഹരമായ ഒരു ഗദ്യകവിതയാണിത്. മറിയത്തിന്റെ സ്തോത്രഗീതത്തിൽ അഷ്ടഭാഗ്യങ്ങൾ മറഞ്ഞിരിപ്പുണ്ട്. അത് ഈശോതന്നെയാണ്. ഈശോയെ കൂടുതൽ മനസ്സിലാക്കാനുള്ള അവസരമായിട്ടാണ് മറിയത്തിന്റെ ഈ സ്തോത്രഗീതം നാം കാണേണ്ടതും ചിന്തിക്കേണ്ടതും.

വളരെ വലിയ വിപ്ലവകരമായ കാര്യങ്ങളാണ് പരിശുദ്ധ അമ്മ ഈ തിരുവചനത്തിൽ പറഞ്ഞുവച്ചിരിക്കുന്നത്. 'എന്റെ ദേഹി (ആത്മാവ്) കർത്താവിനെ പുകഴ്ത്തുന്നു. എന്റെ ആത്മാവ് എന്നെ ജനിപ്പിച്ചവനായ ദൈവത്തിൽ സന്തോഷിക്കുന്നു. എന്തെന്നാൽ, അവൻ തന്റെ ദാസിയുടെ താഴ്മയെ നോക്കിക്കണ്ടു.' മറിയം താൻ ജീവിച്ച കാലത്തെ സാമൂഹികവ്യവസ്ഥിതികളിലെ ഉച്ചനീചത്വങ്ങളെക്കുറിച്ചാണ് വാസ്തവത്തിൽ ഈ മാഗ്നിഫിക്കാത്തിൽ പറയുന്നത്. മറിയം വ്യക്തമാക്കുന്നത് ദരിദ്രവും ഗ്രാമീണവും കോളനിവത്കൃതവും കാർഷികവുമായ ഒട്ടനവധി കാര്യങ്ങളെക്കുറിച്ചാണ്. ഇരകളോട് അടുത്തുനിൽക്കുന്ന ദൈവത്തിന്റെ ഇടപെടലാണ് അന്നത്തെ ഈ രാഷ്ട്രീയസംവിധാനത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ നമുക്കു മനസ്സിലാകുന്നത്.

മറിയം നിശ്ചയദാർഢ്യമുള്ള, സുധീരയായ പെൺകുട്ടിയായിരുന്നു. അപമാനവത്കരണത്തിന്റെയും പാർശ്വവത്കരണത്തിന്റെയും അധമസാഹചര്യങ്ങൾക്കെതിരായ പടപ്പാട്ടിന്റെ കരുത്ത് മറിയത്തിന്റെ പാട്ടിലുണ്ട്. ഈ വിപ്ലവാത്മകചിന്തയെ സഭ ഡൈല്യൂട്ട് ചെയ്യാതെ സല്യൂട്ട് ചെയ്യുകയാണു വേണ്ടത്. പലപ്പോഴും ഇത്തരത്തിലുള്ള സുവിശേഷാത്മകമായ വിപ്ലവങ്ങളിൽനിന്ന് ഒഴിഞ്ഞുമാറുന്ന പ്രവണത നമ്മുടെയിടയിൽ കാണാറുണ്ട്. സമൂഹത്തിലെ മേധാവിത്വത്തിനും മേലാളിത്തത്തിനുമെല്ലാം എതിരായുള്ള ചിന്തയാണ് മറിയം നമുക്കായി നല്കുന്നതും പറയുന്നതും.

വലിയ ഒരു ധാർമികവിപ്ലവം ഇതിന്റെ പിന്നിലുണ്ട്; He scattered the proud - അഹങ്കാരികളെ ദൈവം ചിതറിച്ചു. അതാണ് ധർമത്തിന്റെ വഴി. പൊളിറ്റിക്കലായിട്ടുള്ള വലിയ സന്ദേശം നല്കുന്നുണ്ട്; Put down the mighty - ശക്തന്മാരെ താഴെയിറക്കി. ഇവിടെ സോഷ്യലായിട്ടുള്ള വലിയ ഇംപ്ലിക്കേഷനുണ്ട്; വിശക്കുന്നവരെ തൃപ്തരാക്കുക.



ഇന്നു സമൂഹത്തിലേക്കു നോക്കിയാൽ മോറൽ, പൊളിറ്റിക്കൽ, സോഷ്യൽ ആയിട്ടുള്ള വിപ്ലവങ്ങൾ ഇനിയും നമുക്കാവശ്യമാണ്. ഒരുപാട് ദുരവസ്ഥകൾ ഇന്നും നമ്മുടെ സമൂഹത്തിലുണ്ടെന്നു നമുക്കറിയാം. നാം ശ്രദ്ധിക്കേണ്ട ഒട്ടനവധി ആളുകൾ നമുക്കു ചുറ്റുമുണ്ട്. റോഡുപണിക്കാർ, ടാർ പണിക്കാർ, ഹോട്ടൽമേശയിലെ വിളമ്പുകാർ, ടാക്സിഡ്രൈവർമാർ, മുനിസിപ്പാലിറ്റിയിലെ തൂപ്പുകാർ, റെയിൽവേ ക്ലീനേഴ്സ്, ലോട്ടറിവില്പനക്കാർ, വഴിയോരത്തു പാർക്കുന്നവർ, പെട്ടിക്കടക്കാർ... ഇങ്ങനെ ഒരുപാടു പേരുണ്ട്.

സുവിശേഷത്തിന്റെ വളരെയേറെ ആന്തരമായ മേഖലകളിലേക്കു നാം ഇനിയും കടക്കേണ്ടതുണ്ട്. അമലോദ്ഭവത്തിരുനാൾ നമുക്കു നല്കുന്ന വിപ്ലവകരമായ ചിന്ത ഇതുതന്നെയാണ്. വേദനിക്കുന്നവരോടു ചേർന്നുനിൽക്കുമ്പോൾ ഈശോയ്ക്കു പിറവികൊടുക്കാൻ നമുക്കു സാധിക്കും. സുവിശേഷത്തിന്റെ നെരിപ്പോട് നെഞ്ചിൽ ചേർത്തുവയ്ക്കാനുള്ള അവസരമാണ് ജന്മദോഷമില്ലാതെ പിറന്ന മറിയത്തെക്കുറിച്ചുള്ള ഓർമ.

സുവിശേഷം വായിച്ചുകൊണ്ടിരിക്കാനുള്ളതല്ല; ജീവിച്ചുകൊണ്ടിരിക്കാനുള്ളതാണ്, പ്രവർത്തിച്ചുകൊണ്ടിരിക്കാനുള്ളതാണെന്ന് അമ്മ നമ്മെ പഠിപ്പിക്കുകയാണ്. സുവിശേഷത്തിനു പിറവി കൊടുക്കുന്ന വിശ്വാസികളായി നാം മാറുമ്പോഴാണ് അമലോദ്ഭവസത്യത്തോടു നമുക്കു ചേർന്നുനിൽക്കാൻ സാധിക്കുന്നത്.

ദാരിദ്ര്യവും ഉച്ചനീചത്വങ്ങളും ഇന്നും നമ്മുടെ സമൂഹത്തിൽ ഒട്ടും കുറവല്ല. തന്റെ ഉദരത്തിൽ വന്നു പിറക്കാനിരിക്കുന്ന ദൈവപുത്രന്റെ യോഗ്യതയെപ്രതി ഉദ്ഭവപാപമില്ലാതെ ജീവിച്ച മറിയം പിശാചിനോടു നിരന്തരം യുദ്ധത്തിലാണ്. അല്ലാതെ നമുക്കു പാപമില്ലാതെ ജീവിക്കാൻ പറ്റില്ല. നിരന്തരമായി പിശാചിനോടു യുദ്ധം ചെയ്യണം. അവളുടെ കാല്ക്കീഴിൽ കിടക്കുന്ന സർപ്പം പിശാചിന്റെ, ഭൗതികതയുടെ, ഭക്തിരാഹിത്യത്തിന്റെ, നിരീശ്വരത്വത്തിന്റെ, അബദ്ധസിദ്ധാന്തങ്ങളുടെ, ഭീകരതയുടെ, വംശഹത്യയുടെ, അസഹിഷ്ണുതയുടെ, കുടിയിറക്കലിന്റെ എല്ലാം അടയാളമാണ്. ഒരുപക്ഷേ, നമ്മുടെയുള്ളിലും നമുക്കു ചുറ്റും നാം കണ്ടുകൊണ്ടിരിക്കുന്നതുമെല്ലാം സമാനമായ കാര്യങ്ങളാണ്.

സുവിശേഷം - മാഗ്നിഫിക്കാത്ത് - വലിയൊരു വിപ്ലവമാണ്. അത് നമ്മുടെ നെഞ്ചിന്റെയുള്ളിലുള്ള അഗ്നിയാണ്. ആ അഗ്നിയെ ഊതിക്കെടുത്താൻ നാം ഒരിക്കലും ശ്രമിക്കരുത്. മറിയത്തിനു ദൈവം കൊടുത്ത വരദാനം നമ്മിലൂടെ വളർത്തിയെടുക്കാനുള്ള അവസരമായി ഈ തിരുനാളിനെ നാം കാണണം.

പാലാപ്പട്ടണത്തിന്റെ ഒത്ത നടുവിൽ നിൽക്കുന്ന ഈ കുരിശുപള്ളി, ദൈവം നമുക്ക് അനുവദിച്ചുതന്ന അടയാളമാണ്. ഇനിയും നമ്മൾ വേറെ അടയാളങ്ങൾ അന്വേഷിച്ചുപോകേണ്ടാ. പട്ടണത്തിലൂടെയുള്ള പ്രദക്ഷിണം മറ്റൊരു അടയാളമാണ്. ഇതൊക്കെ നടത്താനുള്ള ആരാധനാസ്വാതന്ത്ര്യവും അതിനുള്ള അംഗീകാരവും ഇന്ത്യൻ സെക്കുലറിസം നമുക്കു നല്കുന്നുണ്ട്. അത് വലിയൊരു അടയാളപ്പെടുത്തലാണ്. അടയാളങ്ങൾ ഉറച്ച വിശ്വാസത്തിലേക്കു നമ്മെ നയിക്കണം. വലിയൊരു പ്രാർഥനാനുഭവത്തിലേക്ക് ഈ കുരിശുപള്ളിത്തിരുനാൾ നമ്മെ കൊണ്ടെത്തിക്കും. എത്രയോ തിരുക്കർമങ്ങൾ ആഴ്ചവട്ടത്തിലും ആണ്ടുവട്ടത്തിലും ഈ കുരിശുപള്ളിക്കപ്പേളയിൽ നടക്കുന്നുണ്ട്. പരിശുദ്ധ കുർബാന, പരിശുദ്ധ കുർബാനയുടെ ആരാധന, പരിശുദ്ധ കുമ്പസാരം, മൗനപ്രാർഥന, കൂട്ടായ്മപ്രാർഥന അങ്ങനെ എത്രയോ ആത്മീയകാര്യങ്ങൾ ഈ പള്ളിക്കുള്ളിൽ ഈ പട്ടണത്തിന്റെ വിശുദ്ധീകരണത്തിനായി നാം നടത്തുന്നുണ്ട്. പാലായുടെ കാവൽഗോപുരമാണ് അമലോദ്ഭവമാതാവിന്റെ ഈ കുരിശുപള്ളി.

നഗരത്തിന്റെ ബഹളങ്ങൾക്കു നടുവിലാണ് ഈ കർമങ്ങളെല്ലാം നടത്തുന്നതും ഈ പള്ളി ഉയർന്നുനിൽക്കുന്നതും. നാനാവിധ ആവശ്യങ്ങൾക്കായി നാമിവിടെ എത്താറുണ്ട്. പുറത്തും അകത്തും മിക്കപ്പോഴും നല്ല ബഹളമുണ്ട്. കാരണം, ഇതു പട്ടണമാണ്. എന്നാൽ, ഈ കുരിശുപള്ളി നമ്മുടെ ശ്രദ്ധയിൽപ്പെടുമ്പോൾ എല്ലാം ഒരുനിമിഷം നിശ്ചലമാകും. ബഹളമയമായ ഒരു അന്തരീക്ഷഘടനയിലും ഒരു നിശ്ചലവിശുദ്ധിയാണ് നമുക്ക് അനുഭവപ്പെടുന്നത്. കാരണം, നമ്മൾ ദൈവമാതാവിനെക്കുറിച്ച് ഓർക്കുകയാണ്. അമ്മ നമ്മെക്കുറിച്ചും ഓർക്കുന്നുണ്ട്. ലൗകികലോകത്തെ വിശുദ്ധമാക്കുന്ന സ്ഥലങ്ങളാണ് നമ്മുടെ ദൈവാലയങ്ങളും കുരിശുപള്ളികളും കുരിശടികളുമെല്ലാം. വിശുദ്ധ സ്ഥലത്തെ ലൗകികമാക്കുന്ന കാര്യങ്ങളൊന്നും നമ്മൾ ചെയ്യരുത്.

കുരിശുപള്ളിത്തിരുനാൾ ഭക്തിസാന്ദ്രമായി നാം കൊണ്ടാടുകയാണ്. വിശ്വാസപ്രഘോഷണമാണ് ദൈവാരാധനയുടെ കാതൽ. അതിനോടുചേർന്ന് സാമൂഹികമായ വലിയൊരു മാനവും ഈ പട്ടണത്തിലെ ദൈവാലയത്തിനും തിരുക്കർമങ്ങൾക്കുമെല്ലാമുണ്ട്. ഇവിടെ ജനസാഗരം ഒന്നിക്കുന്നു. കടകമ്പോളങ്ങൾ ഒരാഴ്ചയായി പാലാപ്പട്ടണത്തിൽ സജീവമാണ്. കുരിശുപള്ളിയിൽ വന്നു പ്രാർഥിച്ച്, ഷോപ്പിങ് നടത്തി കടന്നുപോകുന്ന പതിനായിരങ്ങൾ ഈ ദിവസങ്ങളിലുണ്ട്. തിരുനാളാഘോഷത്തിന്റെ സാമൂഹികമാനമാണ് പാലാപ്പട്ടണത്തിൽക്കൂടി ഒന്നു വന്നുപോകണമെന്നുള്ളത്. സാമൂഹികാഘോഷത്തിന്റെ ഭാഗമായാണ് തിരുനാളിനോടനുബന്ധിച്ച് നമ്മൾ ടൂവീലർ ഫാൻസി ഡ്രസ്, ടാബ്ലോ, സാംസ്കാരിക ഘോഷയാത്ര തുടങ്ങിയ ഒട്ടനവധി കാര്യങ്ങൾ സംഘടിപ്പിക്കുന്നതും പ്രോത്സാഹിപ്പിക്കുന്നതും. അമലോദ്ഭവമാതാവിന്റെ തിരുനാൾദിവസം നടത്തുന്ന കാര്യങ്ങളാണിവയെന്ന് നമ്മൾ തിരിച്ചറിയണമെന്നുമാത്രം. തിരുനാളിന്റെ പൊതുചൈതന്യത്തിനും പൊതുമാന്യതയ്ക്കും ആത്മീയതയ്ക്കും നിരക്കാത്തതൊന്നും ഇവിടെ സംഭവിക്കരുത്. പാലാപ്പട്ടണത്തിന്റെ അച്ചടക്കത്തിന്റെ കാവൽക്കാരായ പൊലീസ് ഡിപ്പാർട്ടുമെന്റിന്റെ സേവനം ഈ ദിവസങ്ങളിലൊക്കെ ഇവിടെ പ്രകടമായിരുന്നു.

പ്രാർഥിച്ചുപ്രാർഥിച്ചാണ് ഇതിലേ നമ്മൾ കടന്നുപോകുന്നത്. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പാ ഈ നാളിലെഴുതിയ ചാക്രികലേഖനത്തിൽ - ദിലെക്സിത് നോസ് (He loved us) എന്ന ശീർഷകത്തിലെഴുതിയ വലിയ ഗ്രന്ഥത്തിൽ ഹൃദയം നഷ്ടപ്പെട്ട ലോകത്തിന് ഒരു ഹൃദയം കൊടുക്കൂ എന്ന് നമ്മോടു പ്രാർഥിച്ച് ആവശ്യപ്പെടുകയാണ്. ഹൃദയം നഷ്ടപ്പെട്ടവരായി അനേകരുണ്ട്. അവർക്ക് അവരുടെ ഹൃദയം എവിടെയാണെന്നും ഈശോയുടെ ഹൃദയത്തിന്റെ അർഥമെന്താണെന്നും മനസ്സിലാക്കാനായി നാം പരിശ്രമിക്കണമെന്നും പാപ്പാ പഠിപ്പിക്കുകയാണ്.

ജീവിതത്തിന്റെ പൊതു ആവശ്യങ്ങൾക്കായി യാത്രചെയ്യുന്നവരാണ് നാമെല്ലാവരും. ഓരോ യാത്രാവേളയിലും നമ്മുടെ ഉദ്ദേശ്യങ്ങൾ പരിശുദ്ധ അമ്മയുടെ അമലോദ്ഭവഹൃദയത്തിൽ സമർപ്പിച്ചിട്ടാണ് ഞാനും നിങ്ങളും ഈവഴി കടന്നുപോകുന്നത്. അതു നമുക്ക് വലിയൊരു ബലമാണ്. എല്ലാക്കാര്യങ്ങളും ചെയ്ത് സായാഹ്നത്തിൽ തിരിച്ചെത്തുമ്പോൾ, ഈ വലിയ ഗോപുരത്തിന്റെ മുമ്പിൽ എത്തുമ്പോൾ നമ്മുടെ എല്ലാ ക്ഷീണവും മാറും. ഇത് നമ്മുടെ സ്വന്തമാണ്, നമ്മുടെ സ്വത്വമാണ്, നമ്മെ സംരക്ഷിക്കുന്ന നമ്മുടെ അമ്മയാണ്, നമ്മുടെ ദൈവാലയമാണ്. അതിൽക്കൂടുതൽ ഒരു സുരക്ഷിതത്വം നമുക്കാർക്കും ദർശിക്കാനില്ല. ഇവിടത്തെ പ്രാർഥനകളുടെ മഹത്ത്വവും അതിന്റെ ആവശ്യകതയും അത്തരത്തിലാണെന്ന് നാം മനസ്സിലാക്കണം. ■

# എന്തായിരുന്നു ഈ ദമ്പതികളുടെ പ്രശ്നം?



ഡോ. ജസ്റ്റിൻ തോമസ്



ഏഴുമാസംമുമ്പു വിവാഹിതരായ ദമ്പതികൾ ഭർത്താവിന്റെ അമ്മയ്ക്കൊപ്പമാണ് കൗൺസലിങ്ങിനെത്തിയത്. ഭർത്താവിനോടും ഭാര്യയോടും ഒറ്റയ്ക്കൊറ്റയ്ക്കു സംസാരിച്ചപ്പോൾ ലഭിച്ചത് ഇവരുടെ ദാമ്പത്യജീവിതം വളരെ സന്തോഷകരമായി മുമ്പോട്ടുപോകുന്നു എന്ന വിവരമാണ്. അസ്വാഭാവികമായി ഒന്നും തന്നെ ഒറ്റനോട്ടത്തിൽ കാണാനും കഴിഞ്ഞില്ല. എന്നാൽ, ഇവർക്കൊപ്പം വന്ന അമ്മ ആകെ വിവശയായിരുന്നു. അവരുടെ നിർബന്ധത്തിനു വഴങ്ങിയാണ് മകനും ഭാര്യയും കൗൺസലിങ്ങിന് എത്തിയതും! ഈ അമ്മയിൽനിന്നു മനസ്സിലാക്കിയതനുസരിച്ച്, മകൻ ജോലിയിൽനിന്നു സ്ഥിരമായി അവധിയെടുക്കുന്നു. മകന്റെ ഭാര്യ സ്വന്തം ജോലി കഴിഞ്ഞ ദിവസം രാജിവയ്ക്കുകയും ചെയ്തു. മകന്റെയും മകളുടെയും(ഭാര്യ) വീടുകൾ സാമ്പത്തികഭദ്രത ഉള്ളവയാകയാൽ ജോലിയിൽനിന്നു ലഭിച്ചിരുന്ന വരുമാനത്തിന്റെ കുറവ് ഇവരെ ബാധിക്കുന്നില്ല.

അമ്മയിൽനിന്നു ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ മക്കളെ വീണ്ടും ഒറ്റയ്ക്കൊറ്റയ്ക്കു കാണാൻ തീരുമാനിച്ചു. ഈ പ്രാവശ്യം മകൻ പറഞ്ഞ കാര്യങ്ങൾ വളരെ വിചിത്രമായിരുന്നു. മകളെ കണ്ടപ്പോഴും ലഭിച്ച വിവരങ്ങൾ ഭർത്താവു പറഞ്ഞവയുമായി വളരെ സാമ്യമുള്ളവയായിരുന്നു. ഇവർ രണ്ടുപേരും പരസ്പരം വളരെയധികം സ്നേഹിക്കുന്നു. രണ്ടുപേർക്കും പിരിഞ്ഞിരിക്കാനേ പറ്റില്ല. മാത്രമല്ല, ഒരാൾ പുറത്തിറങ്ങിയാൽ വീട്ടിലിരിക്കുന്ന വ്യക്തിക്ക് വലിയ ആധിയാണ്. ഇവർ പരസ്പരം നഷ്ടപ്പെടുന്നതിനെക്കുറിച്ച് ഭയപ്പെടുന്നു. ഇക്കാരണങ്ങളാലാണ് ഭാര്യ ജോലി രാജിവച്ചതും ഭർത്താവ് അവധിയെടുക്കുന്നതും.

ഇവരുമായി കൂടുതൽ സംസാരിച്ചപ്പോഴാണു മനസ്സിലായത്, ഇവർ രണ്ടുപേരും ചില വിചിത്ര സ്വഭാവങ്ങളുടെ ഉടമകൾകൂടിയാണ്. രണ്ടുപേർക്കും തങ്ങളുടെ പങ്കാളി മറ്റുള്ളവരോടു സംസാരിക്കുന്നതും ഇടപഴകുന്നതും അസഹനീയമായ കാര്യങ്ങളാണ്. ബന്ധുക്കൾ, അയൽപക്കക്കാർ എന്നിവരുമായുള്ള അടുപ്പം ഇവർ വിച്ഛേദിച്ചിരുന്നു. ഭാര്യയെ സംബന്ധിച്ചത്തോളം ഭർത്താവുമായി ഇടപഴകാൻ സാധ്യതയുള്ള, അയാളുടെ രണ്ടു സഹോദരിമാർ ഉൾപ്പെടെയുള്ള എല്ലാ പെണ്ണുങ്ങളും മോശക്കാരാണ്. ഭർത്താവിനെ സംബന്ധിച്ചിടത്തോളം ഭാര്യയുമായി ഇടപഴകാൻ സാധ്യതയുള്ള അവരുടെ ഒരേയൊരു സഹോദരനുൾപ്പെടെയുള്ള എല്ലാ ആണുങ്ങളും ദുസ്സ്വഭാവികളാണ്. ഇവർ ഭൂരിപക്ഷസമയവും മേൽസൂചിപ്പിച്ചവരുടെ കുറ്റങ്ങൾ പങ്കുവച്ച് സമയം കളയുന്നു. ഇവർ സമൂഹത്തിൽനിന്നു മാറിനിൽക്കാനായി പൊതുപരിപാടികൾ ഉപേക്ഷിച്ചിരുന്നു. മറ്റുള്ളവർ തങ്ങളുടെ പങ്കാളിയെ നോക്കുന്നത് ഒഴിവാക്കാനായിരുന്നു ഈ ഒളിച്ചോട്ടം! വീട്ടിൽ അതിഥികൾ വന്നാൽ, അവരെ ഇവർ വിദഗ്ധമായി പറഞ്ഞുവിട്ടിരുന്നു. മറ്റുള്ളവരുടെ, പ്രത്യേകിച്ച് തന്റെ പങ്കാളിയുമായി ബന്ധപ്പെട്ടവരുടെ വളർച്ചയെ അസൂയയോടെ നോക്കിക്കാണുന്നതിലായിരുന്നു ഇവക്കു താത്പര്യം. ചെറിയ പ്രശ്നങ്ങളെ വലുതാക്കി കാണിക്കുക, ചെറിയ അസുഖങ്ങളെ വലിയ രോഗങ്ങളാക്കി ചിത്രീകരിക്കുക ഇവയൊക്കെ ഇവരുടെ പ്രത്യേകതകളായിരുന്നു!

**എന്തായിരുന്നു ഈ ദമ്പതികളുടെ പ്രശ്നം?**

ആധിയോടെ ഉടമസ്ഥത സ്ഥാപിക്കാൻ (Possessiveness or obsessive love disorder) ശ്രമിക്കുന്ന മാനസിക പ്രശ്നമായിരുന്നു ഇവരുടേത് (https://en.m.wikipedia.org/wiki/obsessive love disorder). സാധാരണരീതിയിൽ ഈ പ്രശ്നം ദമ്പതികളിൽ ഒരാൾക്കാണ് ഉണ്ടാവുക. ഇത്തരം പ്രശ്നമുള്ള വ്യക്തിയുടെ പങ്കാളി വലിയ മാനസിക സമ്മർദത്തിലൂടെ കടന്നുപോകാം. തനിക്ക് ഇഷ്ടമല്ലാത്ത കാര്യം പങ്കാളിയിൽനിന്നുണ്ടായാൽ ഇത്തരക്കാർ അക്രമാസക്തരാവുകയും പങ്കാളിയുമായി ഇടപഴകുന്ന വ്യക്തികളെ തേജോവധം ചെയ്യുകയും ചെയ്യും. അമ്മ, അപ്പൻ, സഹോദരങ്ങൾ, അയൽപക്കക്കാർ, സുഹൃത്തുക്കൾ, ഓഫീസിൽ ജോലി ചെയ്യുന്നവർ, ബന്ധുമിത്രാദികൾ എന്നിവരെയൊക്കെ പങ്കാളിയുമായി ബന്ധിപ്പിച്ച് അപഖ്യാതി പറയും! ഇഷ്ടമില്ലാത്തവരെ കാണുമ്പോൾ അവരെ ഒഴിവാക്കാൻ അടവുകൾ കളിക്കുക ഇവരുടെ ശീലമാണ്. സംശയ ദൃഷ്ടിയോടെ നോക്കിക്കാണുക, പങ്കാളിയെ മിക്ക കാര്യങ്ങളിലും നിയന്ത്രിക്കുക, വിവേകരഹിതമായ പ്രതീക്ഷകൾ പങ്കാളിയിൽ വച്ചുപുലർത്തുക, പങ്കാളി നഷ്ടപ്പെടുന്നതിനെക്കുറിച്ച് ഓർത്ത് ഉത്കണ്ഠപ്പെടുക, സുരക്ഷിതത്വബോധമില്ലായ്മ, അമിതമായ അരിശം, അസഭ്യവാക്കുകൾ ചൊരിയുക, അക്രമസ്വഭാവം പ്രകടിപ്പിക്കുക, കഴിഞ്ഞകാലകാര്യങ്ങൾ എണ്ണിപ്പറഞ്ഞു പരിതപിക്കുക തുടങ്ങിയവയൊക്കെ ഇത്തരക്കാർ പ്രകടിപ്പിക്കാം.

എന്നാൽ, നാം ഇവിടെ ചർച്ച ചെയ്യുന്ന കഥാപാത്രങ്ങൾ രണ്ടുപേർക്കും മേൽസൂചിപ്പിച്ച എല്ലാ പ്രശ്നങ്ങളും ഉണ്ടായിരുന്നതിനാൽ ഇവർ ആരോടും ഇടപഴകാതെ ജീവിതം കഴിച്ചുകൂട്ടുകയായിരുന്നു. ഇവർ രണ്ടുപേരും സദാസമയം ഒരുമിച്ചായിരുന്നതിനാലും ചർച്ച ചെയ്യാൻ പരസ്പരം താത്പര്യമുള്ള (കുറ്റംപറച്ചിൽ) വിഷയം ഉണ്ടായിരുന്നതിനാലും ഇവരുടെ ഇടയിൽ എന്തെങ്കിലും പ്രശ്നമുള്ളതായി ഇവർക്കോ മറ്റുള്ളവർക്കോ തോന്നിയിരുന്നുമില്ല. ഇവർ ജോലി ഉപേക്ഷിച്ചപ്പോഴാണ് ഭർത്താവിന്റെ അമ്മ ഇവരുടെ കാര്യത്തിൽ ഇടപെടുന്നത്. ഇവർ ഇവരുടെ ഭാവി നശിപ്പിക്കുന്നതായും ഇവർ ചെയ്യേണ്ട കർത്തവ്യങ്ങൾ ചെയ്യുന്നില്ലെന്നുമുള്ള ബോധ്യവും അമ്മയെ അസ്വസ്ഥമാക്കി.

**ഇവരിൽ എങ്ങനെ കൗൺസലിങ് ടെക്നിക്കുകൾ പ്രയോഗിച്ചു?**

എന്റെ ആദ്യദൗത്യം അവർക്ക് അവർ അനുഭവിക്കുന്ന പ്രശ്നം മനസ്സിലാക്കിക്കൊടുക്കുക എന്നതായിരുന്നു. തുടർന്ന്, വ്യത്യസ്ത കൗൺസലിങ് ടെക്നിക്കുകളിലൂടെ അവരെ കടത്തിവിട്ടു. ഒപ്പംതന്നെ, ഒരു മനോരോഗവിദഗ്ധനെ കാണാനും ആവശ്യമെങ്കിൽ മരുന്നെടുക്കാനും നിർദേശിച്ചു. അവരിൽ ശക്തമായി പ്രതിഫലിച്ചിരുന്ന ഉത്കണ്ഠയ്ക്ക് മരുന്ന് ആവശ്യമായിരുന്നു. കൗൺസലിങ്ങും മരുന്നും അവരിൽ ഒരുമിച്ചു പ്രവർത്തിച്ചു!

**എന്തുകൊണ്ടാണ് ഇവരിൽ ഇത്തരം ഒരു രോഗാവസ്ഥ ഉടലെടുത്തത്?**

ഈ ദമ്പതികളുടെ കുടുംബപശ്ചാത്തലവും കുട്ടിക്കാലവും പക്വതയാർജിച്ച കാലഘട്ടവും തമ്മിൽ ചില സാമ്യങ്ങളും അവ ഇവരിൽ ചെലുത്തിയ സ്വാധീനവും ഇവർ രണ്ടുപേരും ഒരേ പ്രശ്നങ്ങൾ അനുഭവിക്കുന്നവരായി മാറാൻ കാരണമായി. ഇവർ എന്തുകൊണ്ട് വ്യക്തിപരമായി ഈ പ്രശ്നങ്ങളെ പങ്കാളിക്കു ദോഷകരമായ രീതിയിൽ പുറത്തെടുത്തു എന്നു ചോദിച്ചാൽ, ഇവരിൽ ഉണ്ടായിരുന്ന ചില പൊരുത്തങ്ങളായിരുന്നു കാരണം എന്നു പറയാൻ കഴിയും. ആധിയോടെ ഉടമസ്ഥത സ്ഥാപിക്കുന്ന ഈ പ്രശ്നത്തിലേക്ക് ഇവരെ നയിച്ച ചില കാര്യങ്ങൾ ചുവടെ ചേർക്കുന്നു:

ഭർത്താവിന്റെ അപ്പൻ അയാളുടെ ചെറുപ്പംമുതലേ വിദേശത്തായിരുന്നു. പിതാവിന്റെ സ്നേഹം അയാൾക്കു ലഭിച്ചിരുന്നില്ല.

ഭാര്യയുടെ അമ്മ, അവൾക്ക് എട്ടുവയസ്സുള്ളപ്പോൾ മരിച്ചു. അമ്മയുടെ നഷ്ടത്തിന്റെ ഓർമകൾ അവളെ എന്നും അലട്ടിയിരുന്നു.

ഭാര്യയ്ക്കും ഭർത്താവിനും ജോലിസ്ഥലത്തു പ്രണയമുണ്ടായിരുന്നു. ഭർത്താവിന്റെ കാമുകി വാഹനാപകടത്തിൽ കൊല്ലപ്പെട്ടു. ഭാര്യയുടെ കാമുകനെ കൂട്ടുകാരി വിവാഹം കഴിച്ചു!

ഇവർ രണ്ടുപേരും വിവാഹത്തിനുമുമ്പേ സ്നേഹബന്ധത്തിലായിരുന്നു. ഇവരുടെ മാതാപിതാക്കൾ ഹോസ്പിറ്റലിൽ അഡ്മിറ്റായിരുന്നപ്പോൾ ബോറടി മാറ്റാൻ സംസാരിച്ചുതുടങ്ങിയ ബന്ധമായിരുന്നു.

ഇവർ രണ്ടുപേരും തങ്ങളുടെ തകർന്ന പ്രണയങ്ങളുമായി ബന്ധപ്പെട്ട വിഷാദരോഗാവസ്ഥയിലൂടെ കടന്നുപോയിരുന്നു.

തങ്ങൾ തങ്ങളുടെ പങ്കാളിയെ കണ്ടെത്തിയപ്പോൾ ഇതും ആരെങ്കിലും തട്ടിയെടുക്കുമോ എന്ന ചിന്ത ഇവരിൽ രൂഢമൂലമായിരുന്നു.

മേൽസൂചിപ്പിച്ച സംഭവവികാസങ്ങൾ പ്രത്യക്ഷമായും പരോക്ഷമായും ഇവരെ ഇവരുടെ പ്രശ്നങ്ങളിലേക്കു നയിച്ചു.

**ഇത്തരം പ്രശ്നങ്ങളിൽ അകപ്പെടാതിരിക്കാൻ പൊതുവായി എന്തെല്ലാം മുൻകരുതലുകൾ എടുക്കാം?**

- മാതാപിതാക്കൾ, സഹോദങ്ങൾ, ബന്ധുമിത്രാദികൾ എന്നിവരുമായെല്ലാം ആശയവിനിമയം നടത്തുക.
- നല്ല സുഹൃത്തുക്കളെ സൃഷ്ടിക്കാനും നിലനിർത്താനും അവരെ വിശ്വസിക്കാനും ശീലിക്കുക.
- മാനസികരോഗലക്ഷണങ്ങളെ മനസ്സിലാക്കി പരിഹാരം കണ്ടെത്തുക.
- എല്ലായ്പോഴും എല്ലായിടത്തും തുറന്ന പുസ്തകമാകുന്ന രീതി ഒഴിവാക്കി പ്രശ്നങ്ങളെ മനസ്സിലാക്കാൻ കഴിയുന്നവരുമായി കാര്യങ്ങൾ പങ്കുവയ്ക്കുക. ചില രഹസ്യങ്ങൾ എല്ലാവരോടും പറയരുത്.
- ട്രെയിനിങ് പ്രോഗ്രാമുകളിലും കൗൺസലിങ് സെഷനുകളിലും പങ്കെടുക്കുക. കുട്ടികളെ ഇത്തരം പ്രോഗ്രാമുകളിലേക്കു പറഞ്ഞയയ്ക്കുക.
- ജീവിതവിജയമെന്നത് പ്രണയത്തിലും വിവാഹത്തിലും ഒതുങ്ങിനിൽക്കേണ്ട ഒന്നല്ല എന്ന ബോധ്യം ഉണ്ടായിരിക്കുക.
- മറ്റുള്ളവരെ അവരുടെ കുറവുകളോടുകൂടി, സ്വാതന്ത്ര്യം നൽകി വളർത്തുന്ന വ്യക്തികളായി മാറാൻ പരിശ്രമിക്കുക.
- അടുപ്പത്തിലും മിതമായ അകലം പാലിക്കുക.

ചുരുക്കത്തിൽ, നാം സത്യമെന്നു കരുതുന്ന പലതും സത്യമാവണമെന്നില്ല. നമുക്കു ചുറ്റുമുള്ളവരെ അവരുടെ നന്മ ലക്ഷ്യമാക്കി നിരീക്ഷിക്കാൻ നമുക്കു സാധിച്ചാൽ അത് അവരുടെ ജീവിതത്തെ പോസിറ്റീവായി മാറ്റിമറിക്കും. അതാണ് ഈ ലേഖനത്തിൽ സൂചിപ്പിച്ച അമ്മ ചെയ്തതും! ഇത്തരമൊരു അമ്മമനസ്സ് നമ്മുടെ ജീവിതത്തിലും ഉണ്ടാവട്ടെ.

■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ


നിയമവിധേയൻ വികാരങ്ങളെ നിയന്ത്രിക്കുന്നു; ജ്ഞാനം ദൈവഭക്തിയിൽ പൂർണമാകുന്നു!
പ്രഭാഷകൻ 21:11

**എഡിറ്റോറിയൽ**

# ഈ ശിശുരോദനങ്ങൾക്ക് അവസാനമില്ലേ?

'ഓരോ ശിശുരോദനത്തിലും കേൾപ്പു ഞാൻ ഒരു കോടി ഈശ്വരവിലാപം' എന്നെഴുതിയത് കവി മധുസൂദനൻനായരാണ് (കവിത - നാറാണത്തുഭ്രാന്തൻ). ഈശ്വരവിലാപങ്ങൾക്ക് ഇന്നും ശമനമുണ്ടെന്നു തോന്നുന്നില്ല! കാരണം, നിസ്സഹായരായ പിഞ്ചുകുഞ്ഞുങ്ങളുടെ കരച്ചിൽ വനരോദനങ്ങളായി ഈ ഭൂമിമാതാവിനെ അത്രമാത്രം പൊള്ളിക്കുന്നുണ്ട്. അരക്ഷിതത്വംപേറുന്ന, രണ്ടര വയസ്സുള്ള ഒരനാഥപ്പെൺകുഞ്ഞിന്റെ അസഹനീയമായ കരച്ചിൽ കേരളമനസ്സാക്ഷിയുടെ മാറിലാണു മായാത്ത മുറിവേല്പിച്ചിരിക്കുന്നത്. കിടക്കയിൽ മൂത്രമൊഴിച്ചതിനു കുഞ്ഞിന്റെ ജനനേന്ദ്രിയത്തിൽ നഖംകൊണ്ടു നുള്ളി മുറിപ്പെടുത്തിയ അതിക്രൂരവും പൈശാചികവുമായ സംഭവമാണ് സാക്ഷരകേരളത്തിന്റെ ധാർമികബോധത്തെ വല്ലാതെ ഉലച്ചത്. ഹീനകൃത്യം നടന്നതാകട്ടെ തിരുവനന്തപുരത്ത് സംസ്ഥാനശിശുക്ഷേമകേന്ദ്രത്തിലാണെന്നതു നമ്മെ ലജ്ജിപ്പിക്കുന്നു. ക്രൂരത ചെയ്തതോ, സംരക്ഷകരുടെ റോളിലെത്തുന്ന ആയമാരാണെന്നത് നമ്മെ നൊമ്പരം കൊള്ളിക്കുകയും ഞെട്ടിക്കുകയും ചെയ്യുന്നു.

മാതാപിതാക്കൾ നഷ്ടപ്പെട്ടതിന്റെ തോരാക്കണ്ണീരുണങ്ങുംമുമ്പാണു നോട്ടക്കാരുടെവക കണ്ണിൽച്ചോരയില്ലാത്ത ശിക്ഷകൂടി ആ പിഞ്ചുമനസ്സിന് ഏൽക്കേണ്ടിവന്നത്. വെറും ഒരാഴ്ചമുമ്പ് ശിശുക്ഷേമസമിതിയിൽ എത്തിച്ച പെൺകുരുന്നാണു ക്രൂരതയ്ക്കിരയായതെന്നോർക്കണം. മറ്റൊരു ജീവനക്കാരി കുളിപ്പിച്ച സമയത്ത് ജനനേന്ദ്രിയത്തിൽ നീറ്റൽ അനുഭവപ്പെട്ട് കുട്ടി കരഞ്ഞതോടെയാണ് ക്രൂരത പുറംലോകം അറിഞ്ഞത്. കുഞ്ഞിനെ മുറിവേല്പിച്ച ആയയെയും സംഭവം മറച്ചുവച്ചവരെയും ഡ്യൂട്ടിയിലുണ്ടായിരുന്നവരെയുമുൾപ്പെടെ ഏഴു ജീവനക്കാരെ പിരിച്ചുവിടുകയും കേസെടുക്കുകയും ചെയ്തിട്ടുണ്ട്.

കുട്ടികൾക്കെതിരായ അതിക്രമങ്ങൾ തടയാനും അവർക്കു നീതിയും സുരക്ഷയും ഉറപ്പാക്കാനുമുള്ള പോക്സോ നിയമം പ്രാബല്യത്തിലായതിന്റെ പന്ത്രണ്ടാം വാർഷികദിനമാണ് ഇക്കഴിഞ്ഞ നവംബർ പതിന്നാലിന് (ശിശുദിനം) നാം ആഘോഷിച്ചത്. എന്നിട്ടുമെന്തേ, കരുതലും കാവലുമാകേണ്ട സംരക്ഷണസ്ഥാപനങ്ങൾക്കും കരങ്ങൾക്കും വിലങ്ങിടാൻമാത്രമുള്ള മനുഷ്യത്വരഹിതമായ ക്രൂരതകൾ കേരളം ആവർത്തിച്ചുകേൾക്കുന്നത്?

സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ശിശുസംരക്ഷണകേന്ദ്രത്തിൽ നടന്നത് ഒരൊറ്റപ്പെട്ട സംഭവമാണെന്നു പറഞ്ഞൊഴിയാനാവില്ല. ഇതിനുമുമ്പും സമാനമായ സംഭവങ്ങൾ അവിടെ നടന്നിട്ടുണ്ടെന്നു പറഞ്ഞുകേൾക്കുന്നു. എന്തൊക്കെയായാലും, വച്ചുപൊറുപ്പിക്കാനാവില്ല ഇത്തരം ക്രൂരതകൾ. പ്രതികൾ ശിക്ഷിക്കപ്പെട്ടാൽമാത്രം പോരാ, ഇനിയൊരിക്കലും ഒരു കുഞ്ഞുപോലും പരിപാലകകരങ്ങളാൽ ഉപദ്രവമേല്ക്കരുതെന്ന് ഉറപ്പിച്ചുപറയാനുള്ള ഉൾക്കരുത്താണ് ഓരോ പൗരനുമുണ്ടാകേണ്ടത്. സർക്കാർസംവിധാനങ്ങൾക്കും സ്ഥാപനങ്ങൾക്കും ഇക്കാര്യത്തിൽ ജാഗ്രതയും സൂക്ഷ്മതയും പാലിക്കാനാവണം.

കേരളത്തിൽ കുട്ടികൾക്കെതിരായ അതിക്രമങ്ങൾ വർധിക്കുന്നതായാണു ബാലാവകാശസമിതിയുടെ റിപ്പോർട്ടുകൾ. 2023 ൽ കേരളത്തിൽ ആകെ 4663 പോക്സോകേസുകളാണു റിപ്പോർട്ടു ചെയ്തത്. സംസ്ഥാനബാലാവകാശസംരക്ഷണക്കമ്മീഷൻ അടുത്തിടെ പുറത്തിറക്കിയ റിപ്പോർട്ടുപ്രകാരം, പോക്സോകേസുകളിൽ 21 ശതമാനം കുട്ടികളുടെ വീടുകളിലും നാലു ശതമാനം സ്കൂളുകളിലുമാണു റിപ്പോർട്ടു ചെയ്തിരിക്കുന്നത്. കുട്ടികളുടെ സംരക്ഷണച്ചുമതലയിലുള്ളവർ തങ്ങളുടെ കടമകൾ നിർവഹിക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തുന്നുണ്ടെന്നാണല്ലോ കണക്കുകൾ സൂചിപ്പിക്കുന്നത്. അഞ്ചിലൊന്നു കേസുകളും (988) കുട്ടികളുടെ ഏറ്റവും സുരക്ഷിതമായ ഇടമെന്ന് അനുമാനിക്കപ്പെടുന്ന അവരുടെ ഗൃഹാന്തരീക്ഷത്തിലാണു സംഭവിക്കുന്നത് എന്നത് ഞെട്ടലോടെ മാത്രമേ കേൾക്കാനാവൂ. ഈ വർഷം ജൂൺവരെ മാത്രം 2450 പോക്സോകേസുകൾ സംസ്ഥാനത്തു രജിസ്റ്റർ ചെയ്തിട്ടുണ്ട്.

അസുഖകരമായ സാഹചര്യങ്ങളോടു പ്രതികരിക്കാനുള്ള ധാർമികപാഠങ്ങൾ ചെറുപ്രായത്തിൽത്തന്നെ കുട്ടികൾക്കു ലഭിക്കേണ്ടതുണ്ട്. ഗുഡ് റ്റച്ച്, ബാഡ് റ്റച്ച് എന്നിവയെക്കുറിച്ചുള്ള തിരിച്ചറിവുകൾ മറ്റാരെക്കാളും കുട്ടികളുടെ അപ്പനമ്മമാരാണ് അവർക്കു പകർന്നുനല്കേണ്ടത്. ശിശുസംരക്ഷണനിയമങ്ങളെക്കുറിച്ചും കുട്ടികൾക്കായി സുരക്ഷിതമായ ഇടങ്ങൾ സൃഷ്ടിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും മാതാപിതാക്കൾ, അധ്യാപകർ, പൊതുപ്രവർത്തകർ എന്നിവർക്കു സാമൂഹികാവബോധം നൽകേണ്ട കാലംതന്നെയാണിത്. വിദ്യാർഥികൗൺസലിങ് ശക്തിപ്പെടുത്തുകയും സുരക്ഷാനടപടികൾ ഉറപ്പാക്കുകയും ചെയ്യുന്നതിൽ അധ്യാപകരുൾപ്പെടെയുള്ള പരിപാലകവൃന്ദം വിമുഖരാകരുത്. നമ്മുടെ കുട്ടികളുടെ സുരക്ഷയ്ക്കായി പതിവു ബോധവത്കരണസെഷനുകൾ, ടെലി കൗൺസലിങ് സേവനങ്ങൾ, സംഭാഷണത്തിനുള്ള ഓപ്പൺ ഫോറങ്ങൾ, അധ്യാപക-രക്ഷാകർത്തൃജാഗ്രതാസമിതികൾ, രക്ഷാകർത്തൃബോധവത്കരണം തുടങ്ങി ഒട്ടേറെ ക്രിയാത്മകപരിപാടികൾ നമ്മുടെ സ്കൂളുകളിലും അവരിടപെടുന്ന മേഖലകളിലും സജീവമായേ പറ്റൂ.

# പാലാ രൂപത 42-ാമത് ബൈബിൾ കൺവൻഷൻ കൃപാഭിഷേകം ഡിസംബർ 19-23 തീയതികളിൽ

പാലാ രൂപത 42-ാമതു ബൈബിൾ കൺവൻഷൻ ഡിസംബർ 19 മുതൽ 23 വരെ തീയതികളിൽ പാലാ സെന്റ് തോമസ് കോളജ് ഗ്രൗണ്ടിൽ നടക്കും. വൈകുന്നേരം 3.30 മുതൽ ഒമ്പതുവരെയാണു കൺവൻഷൻ സമയം.

അണക്കര മരിയൻ ധ്യാനകേന്ദ്രം ഡയറക്ടർ ഫാ. ഡൊമിനിക് വാളന്മനാൽ നയിക്കുന്ന പഞ്ചദിന കൺവൻഷനിൽ എല്ലാ ദിവസവും വിശുദ്ധ കുർബാന, ദിവ്യകാരുണ്യ ആരാധന, ദൈവവചനശുശ്രൂഷ, വിടുതൽശുശ്രൂഷ, സൗഖ്യശുശ്രൂഷ എന്നിവ ഉണ്ടായിരിക്കും.

പാലാ രൂപത സിഞ്ചെല്ലൂസ് മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, ഇവാഞ്ചലൈസേഷൻ ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, അസി. ഡയറക്ടർ ഫാ. ആൽബിൻ പുതുപ്പറമ്പിൽ എന്നിവരുടെ നേതൃത്വത്തിൽ വിപുലമായ കമ്മിറ്റികൾ കൺവൻഷന്റെ വിജയത്തിനായി പ്രവർത്തിച്ചുവരുന്നു. പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലിവേളയിൽ നടക്കുന്ന ഈ വർഷത്തെ കൺവൻഷന് സവിശേഷപ്രാധാന്യമുണ്ട്.

# രൂപത പ്ലാറ്റിനം ജൂബിലി യുവജനസംഗമം ഡിസംബർ 21 ശനിയാഴ്ച പാലായിൽ

പാലാ രൂപത പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ഡിസംബർ 21 ശനിയാഴ്ച പാലായിൽ വമ്പിച്ച യുവജനസംഗമം -'എൽറോയ്'- സംഘടിപ്പിക്കുന്നു.

പാലാ സെന്റ് തോമസ് കോളജ് ഗ്രൗണ്ടിൽ രാവിലെ 8.30 ന് ആരംഭിക്കുന്ന സംഗമം സീറോ മലബാർ സഭ മുൻ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്യും. രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിക്കും. സിനി ആർട്ടിസ്റ്റ് സിജോയ് വർഗീസ് മുഖ്യാതിഥിയായിരിക്കും.

എസ്.എംവൈ.എം., സി.എം.എൽ., ജീസസ് യൂത്ത്, സി.എസ്.എം. എന്നീ യുവജനസംഘടനകളുടെയും രൂപതയിലെ മുഴുവൻ ഇടവകകളുടെയും പങ്കാളിത്തത്തോടെ സംഘടിപ്പിക്കുന്ന ഈ മഹാസംഗമം ആത്മീയപ്രഭാഷണങ്ങളാലും ഭക്തിസാന്ദ്രമായ ആരാധനയാലും മ്യൂസിക് ബാന്റുകളാലും അനുഗൃഹീതമായിരിക്കുമെന്ന് സംഘാടകർ അറിയിച്ചു. ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് സമ്മേളനം സമാപിക്കും.

യുവനജങ്ങളെ ആത്മീയമായി നവീകരിക്കുകയും ഐക്യത്തിലും സമുദായസ്നേഹത്തിലും ശക്തിപ്പെടുത്തുകയുമാണ് സംഗമത്തിന്റെ ലക്ഷ്യം.

# ഫാ. തോമസ് തറയിൽ കെ.സി.ബി.സി. ഡെപ്യൂട്ടി സെക്രട്ടറി



കൊച്ചി: കേരള കത്തോലിക്കാ മെത്രാൻ സമിതി (കെസിബിസി) ഡെപ്യൂട്ടി സെക്രട്ടറിയും പാലാരിവട്ടം പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ (പിഒസി) ഡയറക്ടറുമായി വിജയപുരം രൂപതാംഗമായ ഫാ. തോമസ് തറയിലിനെ നിയമിച്ചു. കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയമായ പി.ഒ.സി.യിൽ ഡിസംബർ ആദ്യവാരം നടന്ന കെസിബിസി സമ്മേളനത്തിലാണ് പുതിയ നിയമനം. പ്രസ്തുത ചുമതല വഹിച്ചിരുന്ന ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി എറണാകുളം-അങ്കമാലി അതിരൂപത പ്രോട്ടോ സിഞ്ചെല്ലൂസായി നിയമിതനായതിനെത്തുടർന്നാണ് പുതിയ നിയമനം.

ഫാ. തോമസ് തറയിൽ കെആർഎൽസിസി ജനറൽ സെക്രട്ടറിയും കെആർഎൽസിബിസി ഡെപ്യൂട്ടി ജനറൽ സെക്രട്ടറിയുമാണ്.

കെസിബിസി വക്താവായും അദ്ദേഹം സേവനം ചെയ്യും. 21 ന് അദ്ദേഹം സ്ഥാനമേറ്റെടുക്കും.


ഫാ. മിൽട്ടൺ സെബാസ്റ്റ്യൻ


ഫാ. ഡിറ്റോ കൂള


ഫാ. അരുൺ വലിയതാഴത്ത്


ഡോ. ജിബി ഗീവർഗീസ്


ഫാ. ആന്റണി ലിജോ

കെസിബിസി മീഡിയാ കമ്മീഷൻ സെക്രട്ടറിയായി ഫാ. മിൽട്ടൺ സെബാസ്റ്റ്യൻ കളപ്പുരയ്ക്കൽ (ആലപ്പുഴ രൂപത), യൂത്ത് കമ്മീഷൻ സെക്രട്ടറിയായി ഫാ. ഡിറ്റോ കൂള (തൃശൂർ അതിരൂപത), ലേബർ കമ്മീഷൻ സെക്രട്ടറിയായി ഫാ. അരുൺ വലിയതാഴത്ത് (കോതമംഗലം രൂപത), വിമൻ കമ്മീഷൻ സെക്രട്ടറിയായി ഡോ. ജിബി ഗീവർഗീസ് (തിരുവനന്തപരും മലങ്കര അതിരൂപത), കെസിഎസ്എൽ ജനറൽ ഡയറക്ടറായി ഫാ. ആന്റണി ലിജോ ഓടത്തക്കൽ (വരാപ്പുഴ അതിരൂപത) എന്നിവരെ നിയമിച്ചു.

ബാലനോവൽ 9

അന്തിനാട് ജോസ്



# കൊട്ടാരക്കെട്ടിലെ ഉറങ്ങാത്ത രാവുകൾ

**ആ** ശബ്ദംകേട്ടു വലിയൊരു ജനാവലി ഞെട്ടിത്തെറിച്ചു ശ്വാസമടക്കി നിന്നുപോയി. തങ്ങൾ കേൾക്കുന്നതു സത്യമോ മിഥ്യയോ എന്നുപോലും വേർതിരിച്ചറിയാനാവാതെ ചുറ്റും നിന്നവർ അസ്വസ്ഥതയോടെ അന്യോന്യം നോക്കി.

എന്താണീ കേൾക്കുന്നത്? മഹാരാജാവു തിരുമനസ്സ് എന്നെന്നേക്കുമായി തന്റെ പ്രിയപ്പെട്ട രാജ്യത്തെയും ജീവനു തുല്യം സ്നേഹിച്ചിരുന്ന പ്രജകളെയും വേർപിരിഞ്ഞു പോകുകയാണ്.

നാടിന്റെ നാനാഭാഗത്തു നിന്നും ആയിരക്കണക്കിനാളുകൾ ആ ചടങ്ങിൽ സംബന്ധിക്കാൻ എത്തിയിട്ടുണ്ട്. സ്ത്രീകളും കൊച്ചുകുട്ടികളുംവരെ ആ ഗണത്തിൽപ്പെടുന്നുണ്ട്. കല്ലറയെല്ലാം നേരത്തേതന്നെ ഒരുക്കിയിരുന്നു. രാജ്യമെമ്പാടും പതിന്നാലു ദിവസത്തേക്കു ദുഃഖാചരണം നടത്താനും കാർഫിയൂസ് ഉത്തരവിട്ടിരുന്നു.

രാജാവിന്റെ സീമന്തപുത്രനായ കാർഫിയൂസിനെത്തന്നെ അടുത്ത കിരീടാവകാശിയായി തിരഞ്ഞെടുക്കാൻ കൊട്ടാരവാസികൾ ഒന്നടങ്കം തീരുമാനിച്ചു കഴിഞ്ഞു. ഇളയപുത്രൻ ദേവദത്തനു കാർഫിയൂസിന്റെ കാലം കൂടി കഴിഞ്ഞശേഷമേ രാജാവാകാൻ കഴിയൂ.

ആ ചിന്ത ദേവദത്തനെ വല്ലാതെ വേദനിപ്പിച്ചു. താൻ രണ്ടാമനായി ജനിച്ച ദിനത്തെ അവൻ മനസ്സുകൊണ്ടു ശപിച്ചു. എങ്ങനെയെങ്കിലും ജ്യേഷ്ഠന്റെ കൈയിൽനിന്ന് ആ സ്ഥാനം തട്ടിയെടുക്കാനായി പല വഴികളും ചിന്തിച്ചുകൊണ്ടിരുന്നു. അതിനായി പിതാവിന് സർപ്പദംശനം ഏറ്റ നിമിഷംമുതൽ ദേവദത്തൻ അണിയറനീക്കങ്ങൾ നടത്തുകയായിരുന്നു.

കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും ദേവദത്തൻ തന്റെ ഉള്ളിലെ നീരസം തെല്ലും പുറത്തു കാണിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

എല്ലാവരും വിഷാദമഗ്നരായി. രാജാവിനെ സംസ്കരിക്കാൻ തുടങ്ങുന്ന അവസാനനിമിഷത്തിൽ മന്ത്രവാദി മാർജാരന്റെ വാക്കുകൾ ഒരിടിത്തീപോലെയാണ് എല്ലാവരുടെയും കാതുകളിൽ ചെന്നു പതിച്ചത്.

അരുത് എന്നു പറഞ്ഞത് വെറും ഒരു സാധാരണക്കാരനല്ല. രാജ്യത്തെ ഏറ്റവും വലിയൊരു മന്ത്രവാദിയാണ്. അതുകൊണ്ട് ആ വാക്കുകൾ നിഷ്കരുണം തള്ളിക്കളയാനും ആർക്കും ആവില്ല.

"അല്ലയോ മന്ത്രവാദീ, താങ്കളെന്താണീ പറയുന്നത്? മഹാരാജാവുതിരുമനസ്സിനെ സംസ്കരിക്കേണ്ടേ?"

"സംസ്കരിക്കണം," മാർജാരൻ ഒന്നുനിറുത്തി.

"അതിനുമുമ്പ് ഒരു കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. എവിടെ സംസ്കരിക്കണമെന്ന് തിരുമേനി ആരോടെങ്കിലും എന്തെങ്കിലും നിർദേശിച്ചിട്ടുണ്ടോ? അതേക്കുറിച്ച് വല്ല പ്രമാണങ്ങളോ രേഖകളോ ഉണ്ടോ?"

നിറഞ്ഞ കണ്ണുകൾ തുടച്ചുകൊണ്ട് രാജകുമാരൻ പറഞ്ഞു: "ആരോടും ഒന്നും പറഞ്ഞിട്ടില്ല.



ഒരു രേഖയുമില്ല. ഇത്ര പെട്ടെന്ന് അദ്ദേഹം ആരും കരുതിയിരുന്നില്ലല്ലോ നാടു നീങ്ങുമെന്ന്."

"തെറ്റ്. കുറേനാളായി അദ്ദേഹം ഈ മരണം കൺമുമ്പിൽ കണ്ടുകൊണ്ടുതന്നെയായിരുന്നു ജീവിച്ചിരുന്നത്."

'ഇതു സത്യമോ?" കൂടിനിന്നവരെല്ലാം ഒന്നുകൂടി നടുങ്ങി. ഇതെന്താണു കേൾക്കുന്നത്?

"അതിനുള്ള വ്യക്തമായ തെളിവാണ് കഴിഞ്ഞമാസം ഗ്രഹനില നോക്കാൻ കൊട്ടാരത്തിൽ വന്നപ്പോൾ ഈ കത്ത് അവിടുന്ന് എന്നെ ഏൽപ്പിച്ചത്. ഇതിൽ പറഞ്ഞിരിക്കുന്നത്.

"തിരുമേനിയെ ഇവിടെ സംസ്കരിക്കാനല്ല. നമ്മുടെ അയൽരാജ്യത്തെ ആവിയോസ് എന്ന സ്ഥലത്ത് അതിപുരാതനമായ ഒരു ക്ഷേത്രമുണ്ട്. ആ ക്ഷേത്രസന്നിധിയിൽ സംസ്കരിക്കണമെന്നാണ് അദ്ദേഹം എന്നെ ധരിപ്പിച്ചിരിക്കുന്നത്. എങ്കിൽ മാത്രമേ തിരുമേനിയുടെ ആത്മാവിനു ശാന്തിലഭിക്കുകയുള്ള. അദ്ദേഹത്തിന്റെ അന്ത്യാഭിലാഷം നമ്മൾ ധിക്കരിച്ചാൽ ആ ശാപം ഈ രാജ്യത്തെ കാർന്നുതിന്നും. പറയാൻപോലും വയ്യാത്ത ദുരന്തങ്ങൾ രാജ്യത്തുണ്ടാകും."

മന്ത്രവാദി ഒരു നിമിഷം നിർത്തി. "അയൽരാജ്യത്തിന്റെ പേര് തിരുമാലി എന്നാണ്. അവിടുത്തെ രാജാവിന്റെ പേരാണ് മഹേന്ദ്രൻ." എന്തു ചെയ്യണമെന്നറിയാതെ ജനം പകച്ചുനിന്നു. തിരുമേനിയെ എവിടെ സംസ്കരിക്കണമെന്നതിൽ വന്നുപെട്ട ദുരൂഹത അവരെ വല്ലാതെ തളർത്തി.

"മന്ത്രവാദീ, ഇത് പുതിയൊരറിവാണല്ലോ." "അതെ. ഇത് എനിക്കുമാത്രം അറിയാവുന്ന ഒരു രഹസ്യമാണ്. കാരണം, അത്രയ്ക്കും വിശ്വസ്തനായ ഒരാളായിരുന്നു ഞാൻ. ഈ വിവരം നേരത്തേ ആരോടെങ്കിലും പറയാനും പറ്റില്ലല്ലോ. തന്നെയുമല്ല; ഇത് ഞാൻ മരിക്കുന്നതുവരെയും ആരെയും അറിയിക്കരുതെന്നും എന്നോടു പ്രത്യേകം കല്പിച്ചിട്ടുണ്ടായിരുന്നു."

"എങ്കിൽ, നമുക്ക് അങ്ങനെ തന്നെ ചെയ്യാം. അവിടുത്തെ അന്ത്യാഭിലാഷം സാധിച്ചുകൊടുക്കണം. അവിടുത്തെ സ്നേഹിക്കുന്ന ഓരോരുത്തരുടെയും കടമയാണത്."

രാജദൂതൻ പറഞ്ഞു.

കാർഫിയൂസ് കുറെനേരം സ്തബ്ധനായി നിന്നു.

ശവസംസ്കാരത്തിനുള്ള എല്ലാ തയ്യാറെടുപ്പും നടത്തിയതാണ്.

തിരുമാലി കുറെ ദൂരത്താണ്. വലിയൊരു പർവ്വതം കടന്നു വേണം ക്ഷേത്രത്തിലെത്താൻ. അതീവദുർഘടം പിടിച്ച പാതയാണ്. ആ ജഡവും ചുമന്നുകൊണ്ടു വേണം പോകാൻ.

രണ്ടു പുത്രന്മാരും കാര്യസ്ഥനും ഏതാനും ഭടന്മാരും മാത്രമായി തിരുമാലിയിലേക്കു പോകാൻ ഒരുങ്ങി.

എല്ലാവരും അവസാനമായി തിരുമനസ്സിന്റെ ശരീരം കണ്ടുകഴിഞ്ഞു.

ഇനി യാത്രയാണ്. പർവതം കടന്ന് സമനിലത്തിലെത്തി സംസ്കരിക്കണം.

എല്ലാവരും യാത്ര ആരംഭിച്ചു. കണ്ടുനിന്നവരുടെ കൂട്ടനിലവിളികൾ ഉയർന്നു. തിരുമേനിയുടെ അന്ത്യയാത്ര ആരംഭിക്കുന്നു.

പെട്ടെന്ന് ദേവദത്തരാജകുമാരൻ വലിയൊരലർച്ചയോടെ തറയിലേക്കു തളർന്നുവീണു.

(തുടരും)

# മനുഷ്യമഹത്വം മാനിക്കപ്പെടണം

## ഡിസംബർ 10
## ഒരു മനുഷ്യാവകാശദിനംകൂടി കടന്നുപോയി



പ്രൊഫ. റോണി കെ. ബേബി

**മ**നുഷ്യാവകാശങ്ങളെക്കുറിച്ചു ലോകത്തെ ബോധവത്കരിക്കാൻ എല്ലാ വർഷവും ഡിസംബർ 10 ന് ലോകമനുഷ്യാവകാശദിനം ആചരിക്കുന്നു. രണ്ടാം ലോകമഹായുദ്ധാനന്തരമാണ് മനുഷ്യാവകാശങ്ങളെക്കുറിച്ച് അന്താരാഷ്ട്രസമൂഹം ഗൗരവമായി ചർച്ചചെയ്തു തുടങ്ങിയത്. നാസിസത്തിന്റെയും ഫാഷിസത്തിന്റെയും കാലത്ത് ഭരണകൂടം പൗരന്റെ അവകാശങ്ങൾ കവർന്നെടുക്കുകയും പീഡിപ്പിക്കുകയും ചെയ്ത സാഹചര്യത്തിലായിരുന്നു ഇത്.

രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ഭാവിയിൽ യുദ്ധങ്ങളും അതിക്രമങ്ങളും ആവർത്തിക്കില്ലെന്ന് ഉറപ്പാക്കാൻ ഐക്യരാഷ്ട്രസഭ എലീനർ റൂസ്‌വെൽറ്റിന്റെ അധ്യക്ഷതയിൽ കമ്മിറ്റിയെ നിയോഗിച്ചതോടെയാണ് മനുഷ്യാവകാശദിനത്തിന്റെ ഉദ്ഭവം.

**സാർവത്രിക മനുഷ്യാവകാശപ്രഖ്യാപനം**

1948 ഡിസംബർ 10 ന് ഐക്യരാഷ്ട്രസഭയുടെ പൊതുസഭ നടത്തിയ മനുഷ്യാവകാശങ്ങളുടെ സാർവത്രികപ്രഖ്യാപനം (യൂണിവേഴ്സൽ ഡിക്ലറേഷൻ ഓഫ് ഹ്യൂമൻ റൈറ്റ്സ്) ഓരോ വ്യക്തിക്കും അവകാശപ്പെട്ട മൗലികാവകാശങ്ങളും സ്വാതന്ത്ര്യങ്ങളും നിർവചിക്കുന്ന 30 വകുപ്പുകൾ ഉൾക്കൊള്ളുന്ന ഒരു സുപ്രധാനരേഖയാണ്. എല്ലാ ജനങ്ങൾക്കും എല്ലാ രാജ്യങ്ങൾക്കുംവേണ്ടിയുള്ള മനുഷ്യാവകാശങ്ങളെക്കുറിച്ചുള്ള ആദ്യത്തെ ഈ ആഗോളപ്രഖ്യാപനവും ഐക്യരാഷ്ട്രസഭയുടെ പ്രധാന നേട്ടങ്ങളിലൊന്നാണ്. 1950 ഡിസംബർ നാലിന് ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലി എല്ലാ വർഷവും ഡിസംബർ 10 മനുഷ്യാവകാശദിനമായി ആചരിക്കാൻ ഔദ്യോഗികമായി തീരുമാനിച്ചു. എല്ലാ വ്യക്തികളുടെയും മൗലികാവകാശങ്ങളുടെയും സ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനായി ഈ ദിനം സമർപ്പിക്കപ്പെട്ടിരിക്കുന്നു. ഈ വർഷത്തെ പ്രമേയം 'നമ്മുടെ അവകാശങ്ങൾ, നമ്മുടെ ഭാവി ഇപ്പോൾ' എന്നതാണ്. യുദ്ധവും മനുഷ്യാവകാശലംഘനങ്ങളും ലോകത്തു നടന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് ഇത്തവണ മനുഷ്യാവകാശദിനം ആചരിക്കുന്നത്. യുദ്ധം, പ്രകൃതിദുരന്തങ്ങൾ എന്നിവയാൽ ദുരിതമനുഭവിക്കുന്ന ദിനങ്ങളിലൂടെയാണ് ജനങ്ങൾ കടന്നുപോകുന്നത്. ലോകം പുരോഗതിയിലേക്കു കുതിക്കുമ്പോഴും ഇന്നും കോടിക്കണക്കിനാളുകളുടെ അവകാശങ്ങളാണ് ലംഘിക്കപ്പെടുന്നത്.

**മനുഷ്യാവകാശങ്ങൾ ഇന്ത്യയിൽ**

ഇന്ത്യ ഉൾപ്പെടെ ഒട്ടേറെ രാജ്യങ്ങൾ തങ്ങളുടെ ഭരണഘടനയിൽ സാർവ ദേശീയ മനുഷ്യാവകാശപ്രഖ്യാപനത്തിന്റെ അമൂല്യമായ തത്ത്വങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 1993 സെപ്റ്റംബർ 28 ന് ഇന്ത്യയിൽ മനുഷ്യാവകാശനിയമം നിലവിൽ വന്നു. അതിനുശേഷം 1993 ഒക്ടോബർ 12 ന് സർക്കാർ ദേശീയ മനുഷ്യാവകാശക്കമ്മീഷൻ രൂപീകരിച്ചു. 1993 ൽ നിലവിൽ വന്ന മനുഷ്യാവകാശസംരക്ഷണനിയമം അനുശാസിക്കുന്ന അധികാരങ്ങളും ഉത്തരവാദിത്വങ്ങളും നിർവഹിക്കുകയാണ് കമ്മീഷന്റെ ചുമതല. ദേശീയ കമ്മീഷനിൽ ചെയർമാൻ ഇന്ത്യൻ ചീഫ് ജസ്റ്റിസ് പദവി വഹിച്ചിരിക്കുന്നയാൾ ആയിരിക്കണം. ചെയർമാനു പുറമേ മറ്റു നാലംഗങ്ങൾകൂടി കമ്മീഷനിൽ ഉൾപ്പെടും. സംസ്ഥാനങ്ങൾക്കു കീഴിലും മനുഷ്യാവകാശക്കമ്മീഷനുകളുണ്ട്. ഹൈക്കോടതി ചീഫ് ജസ്റ്റിസ് പദവി വഹിച്ചിരുന്നയാളായിരിക്കണം സംസ്ഥാന മനുഷ്യാവകാശക്കമ്മീഷന്റെ ചെയർമാൻ.

**മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടണം**

'മനുഷ്യാവകാശങ്ങൾ നിഷേധിക്കുന്നത് മനുഷ്യത്വത്തെ വെല്ലുവിളിക്കുന്നതിനു തുല്യമാണെന്ന്' നെൽസൺ മണ്ടേലയും 'മനുഷ്യാവകാശങ്ങൾ സർക്കാർ നൽകുന്ന പ്രത്യേകാവകാശമല്ല അവ ഓരോ മനുഷ്യനും അവന്റെ മനുഷ്യത്വത്താൽ അവകാശപ്പെട്ടതാണെന്ന്' മദർ തെരേസയും ഓർമിപ്പിച്ചിട്ടുള്ളതാണ്. യു.എൻ വിളംബരത്തിന് 76 വയസ്സു തികയുന്ന 2024 ലും കോടിക്കണക്കിനാളുകൾ അവകാശങ്ങൾ നിഷേധിക്കപ്പെട്ട് നരകതുല്യജീവിതം നയിക്കുന്നുണ്ട്. സ്വന്തം രാജ്യത്തുനിന്ന് അഭയാർഥികളായി പലായനം ചെയ്യേണ്ടിവരുന്നവർ, ഭരണകൂടത്തിന്റെ തടവറകളിൽ പീഡനത്തിനിരയാവുന്നവർ, പട്ടിണിമൂലം മരിക്കുന്നവർ അങ്ങനെ നീളുന്നു ആ നിര. ഇവരുടെയൊക്കെ ജീവിതങ്ങളിലേക്കിടപെടാനും അവർക്കും മനുഷ്യരായി ജീവിക്കാനുള്ള സാഹചര്യം സൃഷ്ടിക്കാനും മനുഷ്യാവകാശത്തെക്കുറിച്ചുള്ള അവബോധം ആഗോളതലത്തിൽ ഉയർത്തിക്കൊണ്ടുവരാനും അതു ലഭിക്കാത്തവർക്ക് പ്രതീക്ഷകൾ നൽകാനും ഈ ദിനത്തിന്റെ സന്ദേശത്തിനു കഴിയേണ്ടതുണ്ട്.




**ഡിസംബർ 22**
**മംഗളവാർത്തക്കാലം നാലാം ഞായർ**

**ഉത്പ. 24:50–67**
**1 സാമു. 1:1–18**
**എഫേ. 5:5–21**
**മത്താ 1:18–24**

# ഇമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടും

> **ദൈവമായവൻ മനുഷ്യനായി അവതരിക്കുന്നത് പുരുഷേച്ഛയിൽനിന്നല്ല; മറിച്ച്, സകലവും സൃഷ്ടിച്ച വചനംതന്നെ ആത്മാവിന്റെ ശക്തിയാൽ മറിയത്തിൽ ഉരുവായിരിക്കുന്നുവെന്നാണു മാലാഖാ വെളിപ്പെടുത്തുന്നത്.**



**ഫാ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ**

**ഈ**ശോയുടെ പിറവിത്തിരുനാളിന് ഏറ്റവും അടുത്ത ഞായറാഴ്ചയിൽ നാം എത്തിയിരിക്കുകയാണ്. ഈശോമിശിഹായുടെ ജനനത്തിനായി മനുഷ്യരെ ഒരുക്കിക്കൊണ്ടുവരുന്ന സംഭവങ്ങളാണ് ഈ ആഴ്ചകളിലെ വചനഭാഗങ്ങളിൽ നാം ധ്യാനിക്കുന്നത്. വഴികാട്ടിയായിവന്ന യോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ള മംഗളവാർത്തയും അവന്റെ ജനനവും ഈശോയെ സ്വീകരിക്കുന്നതിനും ലോകത്തിനു നൽകുന്നതിനുമായി മറിയത്തെ വിളിക്കുന്ന സംഭവവും നാം ധ്യാനിച്ചു. ഇന്നു വിശുദ്ധ യൗസേപ്പിനെ ഈശോയെ സ്വീകരിക്കുന്നതിനായി ഒരുക്കുന്നതാണ് വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽനിന്നു നാം ശ്രവിക്കുന്നത്.

മംഗളവാർത്തക്കാലത്തെ രണ്ടാം ഞായറാഴ്ചത്തെ സുവിശേഷത്തിൽനിന്നു നാം ശ്രവിച്ചത് മറിയത്തിനു നൽകിയ അസ്വാഭാവികമായ ഒരു മംഗളവാർത്തയും ആ അസ്വാഭാവികതയ്ക്കുള്ള ഉത്തരവുമെങ്കിൽ വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽനിന്ന് ഈശോയുടെ പിറവിയിലെ അസ്വാഭാവികതയ്ക്കുള്ള ഉത്തരമാണ് വി. യൗസേപ്പിനു ദൈവം വെളിപ്പെടുത്തുന്നത്.

ദൈവഹിതമനുസരിച്ചു ഭാര്യയെ തിരഞ്ഞെടുക്കുന്ന ഇസഹാക്കിനെയാണ് ഉത്പത്തിപ്പുസ്തകത്തിൽ നാം കാണുന്നത്. അതുപോലെതന്നെ, ദൈവഹിതമനുസരിച്ച് യൗസേപ്പ് മറിയത്തെ സ്വീകരിക്കുന്നത് സുവിശേഷത്തിൽ നാം കാണുന്നു. സാമുവേലിന്റെ ജനനത്തിലേക്കു നമ്മുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ദൈവത്തിന്റെ പ്രത്യേകമായ ഇടപെടലുകൾമൂലമുള്ള മറ്റൊരു ജനനത്തെയാണ് രണ്ടാം വായനയിൽ അനുസ്മരിക്കുന്നത്. ദൈവത്തിന്റെ പ്രത്യേകമായ ഇടപെടലുകൾ അനുഭവിച്ച ജനം, ദൈവത്തിന്റെ വെളിപ്പെടുത്തലുകൾ അറിഞ്ഞ ജനം ദൈവത്തിന്റെ ഹിതം മനസ്സിലാക്കി ഈശോമിശിഹായുടെ നാമത്തിൽ പിതാവായ ദൈവത്തിനു കൃതജ്ഞതയർപ്പിച്ചുകൊണ്ടു ജീവിക്കാൻ (എഫേ. 5:20) പൗലോസ് ശ്ലീഹാ ലേഖനത്തിലൂടെ അനുസ്മരിപ്പിക്കുന്നു.

വിശുദ്ധഗ്രന്ഥത്തിൽ ദൈവത്തിന്റെ പ്രത്യേകമായ ഇടപെടലുകൾമൂലമുള്ള ധാരാളം വ്യക്തികളുടെ ജനനത്തെക്കുറിച്ചുള്ള വിവരണങ്ങളുണ്ട്. എന്നാൽ, ഈശോയുടെ ജനനം അതിൽനിന്നെല്ലാം വ്യത്യസ്തമാണെന്നു വിശുദ്ധ യൗസേപ്പിനു മാലാഖ നൽകുന്ന സന്ദേശത്തിലൂടെ വിശുദ്ധഗ്രന്ഥകാരൻ നമ്മെ പഠിപ്പിക്കുന്നു. വിശുദ്ധ മത്തായിയുടെ സുവിശേഷം ഒന്നാം അധ്യായം 18 മുതൽ 25 വരെയുള്ള വചനങ്ങളാണ് ഇന്നു വായിക്കുന്നത്. ഇതിനുമുമ്പുള്ള വചനങ്ങളുമായി (മത്താ.1:1–17) ബന്ധപ്പെടുത്തിവേണം ഈ വചനഭാഗം വ്യാഖ്യാനിക്കാൻ. ഈശോമിശിഹായുടെ വംശാവലിയാണ് അവിടെ വിവരിക്കുന്നത്. സുവിശേഷത്തിന്റെ മലയാളവിവർത്തനത്തിൽ ഈശോയുടെ വംശാവലി നാം കാണുന്നത്, അബ്രാഹം ഇസഹാക്കിന്റെ പിതാവായിരുന്നു. ഇസഹാക്ക് യാക്കോബിന്റെയും യാക്കോബ് യൂദായുടെയും സഹോദരന്മാരുടെയും പിതാവായിരുന്നു... എന്നാണ്. എന്നാൽ, ഗ്രീക്കുഭാഷയുടെ കൃത്യമായ വിവർത്തനം നടത്തുകയാണെങ്കിൽ അബ്രാഹം ഇസഹാക്കിനെ ജനിപ്പിച്ചു, ഇസഹാക്ക് യാക്കോബിനെ ജനിപ്പിച്ചു, യാക്കോബ് യൂദായെയും സഹോദരന്മാരെയും ജനിപ്പിച്ചു... എന്നാണു വരേണ്ടത്. അങ്ങനെ വംശാവലിവിവരണത്തിൽ മുഴുവൻ, പിതാക്കന്മാർ മക്കളെ ജനിപ്പിച്ചു എന്നു വിവരിച്ചതിനു ശേഷം ഈശോയുടെ കാര്യം പറയുമ്പോൾ അവൻ ജനിച്ചു എന്നാണ് ഗ്രന്ഥകർത്താവ് എഴുതിയിരിക്കുന്നത്. ഈശോയുടെ ജനനത്തിലുള്ള അസാധാരണത്വം ഗ്രന്ഥകർത്താവ് വ്യക്തമാക്കുകയാണ് ഇവിടെ. അതിനുശേഷം യൗസേപ്പിനുണ്ടായ ദർശനം വിവരിച്ചുകൊണ്ട് ഈ അസാധാരണത്വം എപ്രകാരം സംഭവിച്ചു എന്നു വ്യക്തമാക്കുകയും യൗസേപ്പിനെപ്പോലെ മറിയത്തെയും ഉണ്ണിയെയും സ്വീകരിക്കാൻ അനുവാചകരെ ഒരുക്കുകയുമാണു സുവിശേഷകൻ ഇന്നത്തെ വചനഭാഗത്തിലൂടെ ചെയ്യുന്നത്.

മംഗളവാർത്ത ശ്രവിക്കുന്ന സമയത്ത് മറിയത്തിനുണ്ടായിരുന്നതുപോലെ ജോസഫിനും ആശങ്കകളുടെ നിമിഷങ്ങളായിരുന്നു. ആശങ്കകളിൽ അടിപതറാതെ അതിനെപ്പറ്റി ധ്യാനിക്കുന്ന മറിയത്തെയും യൗസേപ്പിനെയുമാണ് നാം കാണുന്നത്. അവർക്കു മാലാഖാ ദർശനത്തിലൂടെ ദൈവികരഹസ്യം വെളിപ്പെടുത്തുന്നു. ആ ദൈവികരഹസ്യമാണ് തിരുസ്സഭ തിരുവചനത്തിലൂടെ ഇന്നു ധ്യാനിക്കുന്നത്.

വി. യൗസേപ്പിനോടു മാലാഖാ പറയുന്നത്, മറിയത്തിനു ജനിക്കുന്ന കുഞ്ഞിന് യശുവാ എന്നു പേരു നൽകണമെന്നാണ്. കാരണം, അവൾ ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിനാലാണ്. യശുവാ എന്നത് ഹീബ്രു പേരാണ്. സുറിയാനി ഭാഷയിൽ ഈശോ എന്നും ഗ്രീക്കുഭാഷയിൽ യേശു എന്നും ഈ പേര് വിവർത്തനം ചെയ്തു. അത് അതേവിധത്തിൽ മലയാളത്തിലും ഉപയോഗിച്ചുവരുന്നു. യശുവാ എന്ന ഹീബ്രുപേരിനു സമാനമായി പഴയനിയമത്തിൽ ഉപയോഗിച്ചിരുന്നത് യഹോഷ്വാ എന്നതായിരുന്നു. മോശയുടെ പിൻഗാമിയായി ഇസ്രയേൽജനത്തെ അടിമത്തത്തിൽനിന്നു രക്ഷയിലേക്കു നയിച്ചത് ഒരു യഹോഷ്വാ ആയിരുന്നു. അതാണ് ജോഷ്വാ എന്നു മലയാളത്തിൽ വിവർത്തനം ചെയ്തിരിക്കുന്നത്. ജോഷ്വാ (യഹോഷ്വാ) എന്ന പേരിന്റെ അർഥം ദൈവം രക്ഷകനാകുന്നു എന്നാണ്. ആ പേര് മറിയത്തിന്റെ മകനു നൽകുമ്പോൾ അത് യശുവാ എന്നായി മാറി. യശുവാ എന്ന ഹീബ്രുപേരിന്റെ അർഥം അവൻ രക്ഷിക്കും എന്നാണ്. യഹോഷ്വാ യശുവാ ആയി മാറുന്നതിലൂടെ വെളിപ്പെടുത്തുന്നത് പഴയനിയമത്തിൽ രക്ഷ നൽകിയിരുന്ന യഹോവതന്നെയാണ് മറിയത്തിനു പിറക്കുന്ന ശിശു എന്നാണ്. അതുകൊണ്ടാണ്, യഹോവ രക്ഷിക്കുന്നു എന്ന പേര് അവൻ രക്ഷിക്കുന്നു എന്നായി മാറുന്നത്. ശിശുവിന്റെ ദൗത്യമാണ് യശുവാ എന്ന പേരിലൂടെ വെളിപ്പെടുത്തപ്പെട്ടത്. അതേസമയം, അവൻ വിളിക്കപ്പെടുന്നത് ഇമ്മാനുവേൽ (ദൈവം നമ്മോടുകൂടെ) എന്നാണ്. യശുവാ എന്ന പേര് ശിശുവിന്റെ ദൗത്യം വെളിപ്പെടുത്തുമ്പോൾ, ഇമ്മാനുവേൽ എന്നത് അവന്റെ സ്വഭാവമാണു വെളിപ്പെടുത്തുന്നത്. അതായത്, അവൻ ദൈവമാണ്. ദൈവത്തിന്റെ ദൗത്യം നിർവഹിക്കാൻ വന്നവൻ ഒരു മനുഷ്യവ്യക്തിയായി അവതരിച്ചപ്പോൾ യശുവാ എന്നു പേരു നൽകി. ആ മനുഷ്യൻ ദൈവമായിരുന്നതുകൊണ്ട് ഇമ്മാനുവേൽ എന്നു വിളിക്കപ്പെട്ടു. അങ്ങനെ, മറിയത്തിനു പിറക്കാനിരിക്കുന്നവൻ ദൈവവും മനുഷ്യനുമാണെന്നു വചനം വെളിപ്പെടുത്തുന്നു. ദൈവമായവൻ മനുഷ്യനായി അവതരിക്കുന്നത് പുരുഷേച്ഛയിൽനിന്നല്ല; മറിച്ച്, സകലവും സൃഷ്ടിച്ച വചനംതന്നെ ആത്മാവിന്റെ ശക്തിയാൽ മറിയത്തിൽ ഉരുവായിരിക്കുന്നുവെന്നാണു മാലാഖാ വെളിപ്പെടുത്തുന്നത്. അതുകൊണ്ടാണ്, തിരുവചനത്തിലെ വംശാവലിയിൽ മറ്റെല്ലാ വ്യക്തികളും മാനുഷികപിതാക്കന്മാരാൽ 'ജനിപ്പിച്ചു' എന്നു പറയുമ്പോൾ ഈശോ 'ജനിച്ചു' എന്നു പറയുന്നത്.

ഇന്നു തിരുവചനം നമ്മോടു പറയുന്നത്, ദൈവത്തിന്റെ മനുഷ്യാവതാരത്തിനു പ്രത്യേകമായി തിരഞ്ഞെടുക്കപ്പെട്ട ഉപകരണങ്ങളാണ് യൗസേപ്പും മറിയവുമെല്ലാം എന്നാണ്. അവരുടെ സമ്മതത്തോടും സഹകരണത്തോടുംകൂടിയാണ് ദൈവം മനുഷ്യനായി അവതരിക്കുന്നത്. അങ്ങനെ, രക്ഷാകരപദ്ധതിയിൽ മറിയത്തിനും യൗസേപ്പിനും യോഹന്നാനുമൊക്കെ പ്രത്യേക സ്ഥാനവും ഉത്തരവാദിത്വവും ഉളവായി.

മിശിഹായുടെ രക്ഷാകരപദ്ധതിയുടെ തുടർച്ച ഇന്ന് സഭയിലൂടെ നടക്കുന്നു. അതിനുവേണ്ടി അവിടുന്നുതന്നെ ചരിത്രത്തിന്റെ നിർണായകനിമിഷത്തിൽ അപ്പമായി മാറുകയും ഇന്നും അൾത്താരകളിൽ അർപ്പിക്കുന്ന വിശുദ്ധകുർബാനയാകുന്ന അപ്പത്തിൽ മിശിഹാ അവതരിക്കുകയും ചെയ്യുന്നു. അപ്പമായി അവതരിക്കുന്ന മിശിഹാ ഇന്നും ഉപകരണങ്ങളാകാൻ ജോസഫുമാരെയും മറിയമാരെയും യോഹന്നാൻമാരെയും അന്വേഷിക്കുന്നു. മറിയം ഈശോയെ സ്വീകരിച്ചതുപോലെ, യൗസേപ്പ് മറിയത്തിനെയും ശിശുവിനെയും സ്വീകരിച്ചതുപോലെ വിശുദ്ധ കുർബാനയിൽ അവതരിക്കുന്ന മിശിഹായെ സ്വീകരിക്കാൻ നമുക്കു സാധിക്കണം. അപ്പോൾ, മിശിഹാ നമ്മിൽ രൂപമെടുക്കുകയും മിശിഹാ നമ്മുടെ ലോകത്തിൽ ജനിക്കുകയും ചെയ്യും. അതാണ് ക്രിസ്മസ്കാലം പങ്കുവയ്ക്കുന്ന മംഗളവാർത്ത! ■

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



**ഷൈനി**
**അരുണാപുരം, പാലാ**

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



**സിബിച്ചൻ**
**പുന്നോത്ത്, തലയോലപ്പറമ്പ്**



# ആരാധനാകേന്ദ്രവും സാംസ്കാരികസ്മാരകവുമായ നോത്ര്-ദാം പുതുമോടിയോടെ



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

**2019** ഏപ്രിൽ മാസം 15-ാം തീയതി പാരീസിലെ നോത്ര്-ദാം (Our lady)കത്തീഡ്രൽ കത്തിയമരുന്നതു നേരിൽക്കണ്ട പാരിസ് നിവാസികളും സോഷ്യൽമീഡിയായിലൂടെ ദർശിച്ച ഫ്രഞ്ചുകാരും ഫ്രാൻസിനെ അറിയുന്ന ലോകമെമ്പാടുമുള്ള ആളുകളും ചങ്കുപൊട്ടി നിലവിളിച്ചുപോയി. നോത്ര്-ദാം ഒരു വികാരമാണ്. 1970 ൽ വന്ദ്യവയോധികനായ ഒരു ഫ്രഞ്ചുവൈദികൻ എന്നോടു പറഞ്ഞ കാര്യം ഞാനോർക്കുന്നു, പാരീസിൽനിന്ന് ഏറെ ദൂരമുള്ള ബ്രത്താഞ്ഞ് പ്രവിശ്യക്കാരനായ അദ്ദേഹം വൈദികനായ ശേഷമാണ് ആദ്യമായി പാരിസിനു വരുന്നത്. "നോത്ര്-ദാം ദൂരെ നിന്നു കണ്ടപ്പോൾത്തന്നെ എന്റെ കണ്ണുകൾ നിറഞ്ഞു." നോത്ര്-ദാമിന്റെ മുഖവാരത്തിലെ ഇരട്ട ഗോപുരങ്ങളുടെ രൂപഭംഗിയും പൊരുത്തവും ദർശിച്ചപ്പോഴുണ്ടായ ആനന്ദാശ്രുക്കളായിരുന്നു ആ കണ്ണുനീർ എന്നാണ് അദ്ദേഹം വിശദീകരിച്ചത്.

2019 ലെ അഗ്നിബാധയിൽ കത്തീഡ്രലിന്റെ ഭാഗമായ 315 അടി ഉയരമുള്ള കൂർത്ത സ്തൂപിക (spire) കത്തിവീണപ്പോൾ ആ ഭാഗത്തെ മേൽക്കൂടിന്റെ ഉത്തരങ്ങൾക്കും കഴുക്കോലുകൾക്കുമെല്ലാം തീ പിടിച്ചു. അമ്പത് അഗ്നിശമനയന്ത്രങ്ങൾ ഒന്നിച്ചു പ്രവർത്തിപ്പിച്ചാണ് തീ നിയന്ത്രണവിധേയമാക്കിയത്. 500 സേനാംഗങ്ങൾ പതിനഞ്ചു മണിക്കൂർ പരിശ്രമിച്ചാണ് തീയണച്ചത്. വടക്കുവശത്തെ മണിമാളികയ്ക്കും കേടുപാടുകൾ സംഭവിച്ചു. മുഖവാരത്തിലെ ഗോപുരങ്ങൾക്കും അതിനോടു ചേർന്നുള്ള മേല്ക്കൂടിനും നാശനഷ്ടങ്ങൾ ഉണ്ടായില്ല. കർത്താവിന്റെ മുൾമുടി ഉൾപ്പെടെയുള്ള തിരുശ്ശേഷിപ്പുകളും റോസ് ജനാലകളും മൂന്ന് ഓർഗനുകളും പ്രധാനപ്പെട്ട കലാരൂപങ്ങളും അഗ്നിക്ക് ഇരയായില്ല.

പാരിസിലെ അഗ്നിശമനസേനയുടെ ചാപ്ലെയിനായ ഫാദർ ഷാൻ മാർക്ക് ഫുർണിയേയുടെ നേതൃത്വത്തിലുള്ള പത്തു സേനാംഗങ്ങളാണ് തിരുശ്ശേഷിപ്പുകൾ സാഹസികമായി പുറത്തെത്തിച്ചത്. അദ്ദേഹംതന്നെ സക്രാരി തുറന്ന് വിശുദ്ധകുർബാന അടങ്ങുന്ന സിബോറിയം എടുത്ത് സുരക്ഷിതമായി പുറത്തെത്തിച്ചു. ചില പുനരുദ്ധാരണജോലികൾക്കായി താത്കാലികമായി ഇട്ട വൈദ്യുതിവയറുകളിൽനിന്നോ പണിക്കാർ വലിച്ചിട്ട് ഇട്ട സിഗരറ്റുകുറ്റിയിൽനിന്നോ ആകാം തീ പടർന്നതെന്നു കരുതപ്പെടുന്നു. മറ്റു പല അഭ്യൂഹങ്ങളും ഉയർന്നു വരികയുണ്ടായി.

**നോത്ര്-ദാം കത്തീഡ്രലിന്റെ ചരിത്രം**

ഫ്രാൻസിന്റെ വടക്കുകിഴക്കു ഭാഗത്ത് ഉദ്ഭവിച്ച് പാരിസിലൂടെ കടന്ന് ഹാവ്ര് (Le Havre) നഗരത്തിൽ എത്തി ബ്രിട്ടീഷ് ചാനലിൽ പതിക്കുന്ന സേൻ (La Seine)നദിക്ക് 777 കിലോമീറ്റർ ദൈർഘ്യമുണ്ട്. പാരിസിൽ, ഈ നദിയുടെ നടുവിൽ ലസിത്തേ(La Cite) എന്ന ദ്വീപിലാണ് ഈ ഗോഥിക് ദൈവാലയം സ്ഥിതി ചെയ്യുന്നത്. മൂന്നാം നൂറ്റാണ്ടിൽ ആരംഭിച്ച പാരിസ് രൂപതയുടെ കത്തീഡ്രലാണ് നോത്ര്-ദാം. ബിഷപ് മോറീസ് ദ് സ്യൂലി (Maurice de Sully) 1163 ൽ ഇപ്പോഴുള്ള കത്തീഡ്രലിനു തറക്കല്ലിട്ടു.

182 വർഷങ്ങൾക്കുശേഷം 1345 ലാണ് പണികൾ പൂർത്തിയായത്. 420 അടി നീളവും 157 അടി വീതിയും ഉൾവശത്ത് 115 അടി ഉയരവുമുണ്ട്. ഇരട്ട ഗോപുരങ്ങളുടെ ഉയരം 226 അടിയാണ്. ഇവയ്ക്കു പിന്നിലുള്ള 315 അടി ഉയരമുള്ള സ്തൂപിക 1859 ൽ പുനർനിർമിച്ചതാണ്. ഓക്കുമരങ്ങളുടെ തടിയാണ് നിർമാണത്തിന് ഉപയോഗിച്ചത്.

**മണികൾ**

പത്തു പള്ളിമണികളാണ് നോത്ര്-ദാമിന്റെ രണ്ടു മണിമാളികകളിലായിയുള്ളത്. അതിൽ ഏറ്റവും വലുതിന് ഇമ്മാനുവൽ എന്നാണു പേര്. അതിന് 13,000 കിലോ ഭാരമുണ്ട്.

**ചരിത്രസംഭവങ്ങൾ**

ഫ്രഞ്ചുരാജാക്കന്മാർ ഈ കത്തീഡ്രലിൽ തിരുക്കർമങ്ങളിൽ പങ്കെടുത്തിരുന്നു. ലൂയി പതിമ്മൂന്നാമൻ രാജാവ് പ്രധാന അൾത്താര പുതുതായി നിർമിക്കാമെന്ന് നേർച്ച നേർന്നിരുന്നു. അതു പൂർത്തിയാക്കിയത് ലൂയി പതിന്നാലാമനാണ്. അൾത്താരയ്ക്ക് ഇരുവശങ്ങളിലുമായി ഇവർ മുട്ടുകുത്തി നില്ക്കുന്ന പ്രതിമകൾ കത്തീഡ്രലിലുണ്ട്.

ഫ്രഞ്ചുവിപ്ലവകാലത്ത് (1789 -1799) നോത്ര്-ദാം കത്തീഡ്രൽ പിടിച്ചെടുക്കുകയും തിരുസ്വരൂപങ്ങൾ തകർത്ത് ഒരു സ്ത്രീയെ 'ബുദ്ധിദേവത'യായി പ്രതിഷ്ഠിക്കുകയും ചെയ്തു. പിന്നീടത് ഒരു ഗോഡൗണായി ഉപയോഗിക്കുകയും ചെയ്തു. 1801 ൽ കത്തോലിക്കാസഭയുമായി ഒപ്പിട്ട ഉടമ്പടിപ്രകാരം നെപ്പോളിയൻ നോത്ര്-ദാം കത്തീഡ്രൽ പാരീസ് അതിരൂപതയ്ക്കു തിരികെയേല്പിച്ചു. അവിടെവച്ച് 1804 ൽ നെപ്പോളിയൻ തന്റെ കിരീടധാരണം നടത്തി. പീയൂസ് ഏഴാമൻ മാർപാപ്പായെ കൊണ്ടുവന്നെങ്കിലും മാർപാപ്പാ എടുത്തു കൊടുത്ത കിരീടം നെപ്പോളിയൻ സ്വയം അണിയുകയും ഭാര്യ ജോസഫൈനെ ചക്രവർത്തിനിയായി കിരീടം ധരിപ്പിക്കുകയും ചെയ്തു. സിവിൽ വിവാഹം മാത്രമേ അവർ നടത്തിയിരുന്നുള്ളൂ എന്നറിഞ്ഞ മാർപാപ്പാ തലേദിവസം രഹസ്യമായി അവരുടെ കൂദാശാപരമായ വിവാഹം നടത്തിച്ചിരുന്നു.

1831 ൽ വിക്ടർ യൂഗോ രചിച്ച 'നോത്ര്-ദാമിലെ കൂനൻ' എന്ന നോവലിലെ കത്തീഡ്രലിന്റെ ഗോഥിക്ക് ശില്പകലയുടെ വർണനകൾ അവ സംരക്ഷിക്കപ്പെടണമെന്ന ബോധ്യം വായനക്കാർക്കു നൽകി.

ഫാ. ഹെൻട്രി ലക്കോർദേർ 1835 ൽ വലിയനോമ്പുകാലത്ത് ആരംഭിച്ച പ്രഭാഷണപരമ്പര ഏറെ പ്രശസ്തമാണ്. ശരാശരി 6000 പേർ ലകോർദേറിനെ ശ്രവിക്കാൻ കത്തീഡ്രലിൽ എത്തിയിരുന്നു. ഇപ്പോഴും തുടരുന്ന ഒരു പാരമ്പര്യമാണ് ഈ പ്രഭാഷണങ്ങൾ.

1871 ൽ കൊമ്മ്യൂൺ ഓഫ് പാരിസ് എന്നറിയപ്പെടുന്ന രണ്ടു മാസം നീണ്ടുനിന്ന തൊഴിലാളി വിപ്ലവത്തിൽ കത്തീഡ്രൽ തീയിട്ടു നശിപ്പിക്കാൻ അവർ ആലോചിച്ചെങ്കിലും, അടുത്തുള്ള ആശുപത്രിയിലേക്കും മറ്റും തീ പടരുമെന്നതുകൊണ്ട് തീവയ്പ് വേണ്ടെന്നുവച്ചു!

1886 ൽ ക്രിസ്മസിനു തലേദിവസം ഈ കത്തീഡ്രലിൽ പരിശുദ്ധ കന്യകയുടെ രൂപത്തിനുമുമ്പിൽ മുട്ടുകുത്തിനിന്ന് സന്ധ്യാപ്രാർഥനയിൽ പങ്കെടുത്ത പോൾ ക്ലൊദേൽ എന്ന പതിനെട്ടുകാരനു വലിയ മാനസാന്തരമുണ്ടായി. പിന്നീട് പ്രശസ്ത കവിയും എഴുത്തുകാരനും ജപ്പാനിലെ അമ്പാസിഡറുമൊക്കെ ആയിത്തീർന്ന അദ്ദേഹം മുട്ടുകുത്തിനിന്ന സ്ഥലം പ്രത്യേകം അടയാളപ്പെടുത്തിയിട്ടുണ്ട്.

രണ്ടാം ലോകമഹായുദ്ധത്തിൽ ഹിറ്റ്ലർ ഫ്രാൻസ് കീഴടക്കി. യുദ്ധം തോല്ക്കുന്നു എന്നു കണ്ടപ്പോൾ പാരിസിലെ എല്ലാ പ്രശസ്ത സൗധങ്ങളും സ്ഫോടകവസ്തുക്കൾവച്ചു നശിപ്പിക്കാൻ കല്പിച്ചെങ്കിലും ദീത്രിച്ച് ഫോൺ ഷോൾറ്റിറ്റ്സ് എന്ന പട്ടാളമേധാവി ആ കല്പന നടപ്പാക്കിയില്ല.

അമേരിക്കൻ സൈന്യത്തിന്റെ പിന്തുണയോടെ ഫ്രഞ്ചു പട്ടാളവും വിമോചനസേനയും ഡിഗോളിന്റെ നേതൃത്വത്തിൽ പാരിസിലെത്തിയ ഉടനെ നോത്ര്-ദാം കത്തീഡ്രലിൽ പ്രവേശിച്ച് സ്തോത്രഗീതം ആലപിച്ചു. അന്ന് പാരിസിലെ ആർച്ചുബിഷപ്പായിരുന്ന കാർഡിനൽ സ്യുഹാർനെ അതിൽ പങ്കെടുക്കാൻ അനുവദിച്ചില്ല എന്ന സങ്കടകരമായ സംഭവവും അന്നുണ്ടായി.

പല ഫ്രഞ്ചുപ്രസിഡന്റുമാരുടെയും ഉന്നതവ്യക്തികളുടെയും മൃതസംസ്കാരശുശ്രൂഷകൾക്കും അനുസ്മരണപ്രാർഥനകൾക്കും നോത്ര്-ദാം വേദിയായിട്ടുണ്ട്.

**പുനരുദ്ധാരണം**

2019 ഏപ്രിൽ 15 ന്റെ അഗ്നിബാധ കഴിഞ്ഞപ്പോൾ സ്ഥലത്തെത്തിയ ഫ്രഞ്ചു പ്രസിഡന്റ് അഞ്ചുവർഷത്തിനുള്ളിൽ നോത്ര്-ദാം പുനർനിർമിക്കുമെന്നു പ്രസ്താവിച്ചു. ഇന്നതു നിറവേറിയിരിക്കുന്നു. ഇതിനായി ഗവൺമെന്റ് ആരംഭിച്ച നിധിയിലേക്ക് ആദ്യദിവസങ്ങളിൽത്തന്നെ വലിയ വാഗ്ദാനങ്ങളെത്തി. ഒരു യൂറോ മുതൽ 20 കോടി വരെയുള്ള തുകകൾ സംഭാവനയായി വന്നുചേർന്നു. ഫ്രാൻസിലും വിദേശത്തുംനിന്നായി മൂന്നുലക്ഷത്തിനാല്പതിനായിരം പേരിൽനിന്ന് 84 കോടി മുപ്പതുലക്ഷം യൂറോ ലഭിച്ചതിൽ ഇതുവരെ 70 കോടി യൂറോ ചെലവായി. ബാക്കിയുള്ള പതിന്നാലു കോടി മുപ്പതുലക്ഷം രൂപ ഇനിയുമുള്ള പണികൾക്കായി വിനിയോഗിക്കും.

ഡിസംബർ ഏഴാം തീയതി പൂമുഖത്തുവച്ചു നടത്താനിരുന്ന ചടങ്ങുകൾ കാറ്റുംമഴയുംമൂലം കത്തീഡ്രലിനകത്താണു നടത്തിയത്. പ്രസിഡന്റ് മക്രോൺ എല്ലാവരെയും അഭിസംബോധന ചെയ്തു സംസാരിച്ചു. അപ്പസ്തോലിക് നുൺഷ്യോ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പായുടെ സന്ദേശം വായിച്ചു. തുടർന്ന്, പാരിസിന്റെ ആർച്ചുബിഷപ് ലൊറാൻ യുൾറിഷ് പ്രധാനകവാടത്തിൽ ഓശാന ഞായറിലെന്നപോലെ മുട്ടുകയും സങ്കീർത്തനങ്ങൾ ആലപിച്ചുകൊണ്ട് ദൈവാലയത്തിൽ പ്രവേശിച്ച് സ്തോത്രഗീതം(TE DEUM) ആലപിക്കുകയും ചെയ്തു. ഡിസംബർ എട്ടിന് ഞായറാഴ്ച പുതിയ അൾത്താര കൂദാശ ചെയ്ത് ആദ്യ വി. കുർബാന അർപ്പിച്ചതും ആർച്ചുബിഷപ് യുൾറിഷ് ആണ്. അദ്ദേഹവും അദ്ദേഹത്തിന്റെ മുൻഗാമി മിഷേൽ ഓപെത്തിയും പുനരുദ്ധാരണപ്രവർത്തനങ്ങൾ നടക്കുമ്പോൾ നോത്ര്-ദാം ഒരു ആരാധനാലയമാണെന്ന കാര്യത്തിനു മുൻതൂക്കം നല്കിയിരുന്നു. 'നോത്ര്-ദാം ഒരു സാംസ്കാരികസ്മാരകവും അതേസമയം ഒരു ആരാധനാകേന്ദ്രവുമാണെന്ന്' കത്തീഡ്രലിന്റെ ആർച്ചുപ്രീസ്റ്റ് കഴിഞ്ഞ ദിവസം പ്രസ്താവിക്കുകയുണ്ടായി. ■



നോവൽ 25

ഇഗ്നേഷ്യസ് കലയന്താനി



# കിഴക്കൻകാറ്റ്

കഥാസാരം

ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ പരസ്പരം സ്നേഹത്തിൽ കഴിഞ്ഞിരുന്ന അയൽക്കാരായിരുന്നു സൂസമ്മയും സിസിലിയും. 20 വർഷംമുമ്പ് സിസിലിയുടെ കുടുംബം വീടുവിറ്റ് ഹൈറേഞ്ചിലേക്കു പോയി. പിന്നീട് തമ്മിൽ ബന്ധമുണ്ടായില്ല. സൂസമ്മയുടെ മകൻ ജയേഷിന്റെ വിവാഹത്തിനു ക്ഷണിക്കാൻ സൂസമ്മയും ജയേഷും ഹൈറേഞ്ചിൽ ചെന്നപ്പോഴാണ് വീണ്ടും കാണുന്നത്. ഭർത്താവിനെ ആന ചവിട്ടിക്കൊന്നതിനു ശേഷം സിസിലിയുടെ ജീവിതം ദുരിതപൂർണമായിരുന്നു. മകൾ എൽസയുടെ സംസാരവും പെരുമാറ്റവും ജയേഷിനു നന്നേ ഇഷ്ടമായി. ജയേഷിന്റെ വിവാഹം നടന്നു. ഭാര്യ വർഷ മോഡേൺ ചിന്താഗതിക്കാരിയായതിനാൽ പൊരുത്തപ്പെട്ടുപോകാൻ നന്നേ ബുദ്ധിമുട്ടി ജയേഷ്. എൽസയുടെ കാലിന്റെ മുടന്തു മാറ്റാനുള്ള സർജറിക്കു പണം കൊടുക്കാമെന്ന് ജയേഷ് അറിയിച്ചു. ഇതറിഞ്ഞ വർഷ കോപാകുലയായി. പണം തരില്ലെന്ന് എൽസയെ വിളിച്ചറിയിച്ചു. ഇടവകവികാരി ഫാദർ മാത്യു കുരിശിങ്കൽ പണം സംഘടിപ്പിച്ചുകൊടുത്ത്, സർജറി നടത്തി മുടന്തുമാറ്റി. സർജറി നടത്തിയ ഡോക്ടർ മനുവുമായി എൽസ സൗഹൃദത്തിലായി. ഇതിനിടയിൽ വർഷ ഗർഭിണിയായി. ജയേഷ് അറിയാതെ ഗർഭച്ഛിദ്രം നടത്തിയിട്ട് ബാത്റൂമിൽ തെന്നിവീണ് അബോർഷനായീന്ന് കള്ളം പറഞ്ഞു. ഒരപകടത്തിൽ സിസിലി മരിച്ചു. എൽസ ഒറ്റയ്ക്കായി. ഡോക്ടർ മനു അവൾക്ക് താൻ ജോലി ചെയ്യുന്ന ആശുപത്രിയിൽ ഒരു ജോലി ശരിയാക്കിക്കൊടുത്തു. എൽസയെ വിവാഹം കഴിക്കാൻ ആഗ്രഹമുണ്ടെന്ന കാര്യം ഡോക്ടർ മനു വീട്ടിൽ പറഞ്ഞു. എൽസ ഡോക്ടറോടൊപ്പം രണ്ടു ദിവസം അയാളുടെ വീട്ടിൽ പോയി താമസിച്ചു. വീട്ടുകാർക്ക് എൽസയെ ഇഷ്ടമായി. വർഷ ഗർഭച്ഛിദ്രം നടത്തിയ കാര്യം യാദൃച്ഛികമായി ജയേഷും സൂസമ്മയും അറിഞ്ഞു. ജയേഷ് വർഷയോട് ഇക്കാര്യം ചോദിച്ചെങ്കിലും അവൾ നിഷേധിച്ചു. നുണ പറഞ്ഞതിൽ വർഷയ്ക്ക് പിന്നീട് കുറ്റബോധം തോന്നി. ഒരു ദിവസം ജോലി കഴിഞ്ഞു മടങ്ങുന്നതിനിടയിൽ വർഷ ഓടിച്ച സ്കൂട്ടർ കാറുമായി കൂട്ടിയിടിച്ചു.
(തുടർന്നു വായിക്കുക)

ഇടിയുടെ ആഘാതത്തിൽ സ്കൂട്ടറിൽനിന്നു തെറിച്ചുപോയ വർഷ ചെന്നുവീണത് റോഡരുകിലുള്ള ചതുപ്പുനിലത്താണ്. നാട്ടുകാർ ഓടിയെത്തി അവളെ പൊക്കിയെടുത്ത്, ഇടിച്ചകാറിൽത്തന്നെ കയറ്റി ആശുപത്രിയിലേക്കു പാഞ്ഞു.

ദേഹത്ത് അവിടവിടെ ചെറിയ മുറിവുകൾ. തലയ്ക്കു ക്ഷതമോ കൈകാലുകൾക്കു പൊട്ടലോ പ്രാഥമികപരിശോധനയിൽ കണ്ടില്ല. മുറിവ് ക്ലീൻ ചെയ്ത് മരുന്നുവച്ച് പ്ലാസ്റ്ററൊട്ടിച്ചശേഷം എക്സ്റേ എടുക്കാനായി കൊണ്ടുപോയി.

“ചതുപ്പുനിലത്തേക്കു വീണത് ഭാഗ്യായി. പൊട്ടലോ ഒടിവോ ഒന്നുമില്ല.” എക്സ്റേ നോക്കിയ ശേഷം ഡോക്ടർ പറഞ്ഞു.

വർഷയ്ക്കു സമാധാനമായി. അവൾ ദൈവത്തിനു നന്ദി പറഞ്ഞു.

ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ ജയേഷും സൂസമ്മയും ജോസും കാറിൽ ആശുപത്രിയിലെത്തി. ജയേഷ് അടുത്തിരുന്ന് അവളുടെ കവിളിൽ തലോടി ആശ്വസിപ്പിച്ചുകൊണ്ടു പറഞ്ഞു:

“വിഷമിക്കണ്ട. ഇത്രയൊക്കെയല്ലേ പറ്റിയുള്ളൂ. ദൈവം കാത്തതാ.”

ജയേഷിന്റെ വാക്കുകളും തലോടലും വർഷയ്ക്ക് ഒരുപാട് ആശ്വാസം പകർന്നു.

ഒരു ദിവസം ആശുപത്രിയിൽ കിടന്നിട്ട് പിറ്റേന്നു പോയാൽ മതിയെന്നു ഡോക്ടർ പറഞ്ഞപ്പോൾ ജയേഷ് തലകുലുക്കി.


“വർഷയുടെ അമ്മയോടു വിളിച്ചു പറഞ്ഞോ?”

വർഷയുടെ കരം പിടിച്ചുകൊണ്ട് ജയേഷ് ചോദിച്ചു.

“ഇല്ല. അമ്മയെയും പപ്പയെയും ഇപ്പം അറിയിക്കണ്ട. ചെറിയ മുറിവല്ലേയുള്ളൂ. ഡിസ്ചാർജായി വീട്ടിൽ ചെന്നിട്ട് സാവകാശം വിളിച്ചുപറയാം. ഇപ്പം പറഞ്ഞാൽ ആധിപൂണ്ട് ഓടിക്കിതച്ചിങ്ങെത്തും.”

“അപകടമുണ്ടായീന്ന് ആശുപത്രീന്നു വിളിച്ചുപറഞ്ഞപ്പം ഞങ്ങളു വല്ലാണ്ടു പേടിച്ചുപോയി.”

“എന്റെ ഫോൺ എവിടാന്നറിയില്ല. ബാഗും ഫോണും എവിടോ തെറിച്ചുപോയി.”



“അതാരെങ്കിലും പൊലീസിൽ ഏല്പിച്ചിട്ടുണ്ടാവും. അവരതു കൊണ്ടെത്തരും.”

ഓരോന്നു സംസാരിച്ചിരിക്കുമ്പോൾ കാന്റീനിൽനിന്നു ഭക്ഷണം കൊണ്ടുവന്നു. കൈകഴുകിയിട്ട് വന്ന് വർഷ അതു കഴിച്ചു. ചപ്പാത്തിയും വെജിറ്റബിൾ കറിയുമായിരുന്നു. ഭക്ഷണം കഴിച്ച് എണീറ്റിട്ട് വർഷ പപ്പയെയും അമ്മയെയും നോക്കി പറഞ്ഞു:

“പപ്പേം അമ്മേം ഇനി ഇവിടെ നിൽക്കണമെന്നില്ല. ജയേഷുണ്ടല്ലോ. നാളെ ഡിസ്ചാർജ് ചെയ്യുമ്പം വിളിച്ചു പറഞ്ഞേക്കാം. അപ്പം കാറുമായി വന്നാൽ മതി.”

ജോസ് ജയേഷിനെ നോക്കി. പൊക്കോ എന്നവൻ തലകൊണ്ട് ആംഗ്യം കാണിച്ചു. ജോസും സൂസമ്മയും യാത്ര പറഞ്ഞിട്ട് മുറിയിൽനിന്നിറങ്ങി. വാതിലടച്ചിട്ട് ജയേഷ് വന്ന് വർഷയുടെ സമീപം കട്ടിലിൽ ഇരുന്നു.

“സ്പീഡ് കൂട്ടിയാണോ പോന്നത്?”

വർഷയുടെ കരം പിടിച്ചുകൊണ്ട് ജയേഷ് ചോദിച്ചു.

“ഏയ്... കാറുകാരന്റെ കുഴപ്പമാ. സൈഡ്മാറി ഓവർ സ്പീഡിൽ വന്നിടിക്കുവായിരുന്നു. ഭാഗ്യത്തിന് വീണത് ഒരു ചതുപ്പുസ്ഥലത്തേക്കാ. അതുകൊണ്ട് ഒന്നും പറ്റിയില്ല.”

“ആക്സിഡന്റുണ്ടായീന്നു കേട്ടപ്പം വല്ലാതെ പേടിച്ചുപോയി ഞാൻ.”

“ആശുപത്രീന്നാണോ വിളിച്ചുപറഞ്ഞേ?”

“അതേ. പരിക്കു സാരമുള്ളതല്ലെന്നു പറഞ്ഞിട്ടും എന്റെ പേടി കുറഞ്ഞില്ലായിരുന്നു.”

ജയേഷ് അവളെ ചേർത്തുപിടിച്ച് കവിളിൽ തലോടിക്കൊണ്ടിരുന്നു.

ഒമ്പതരയായപ്പോൾ ലൈറ്റ് അണച്ചിട്ട് ജയേഷ് കിടന്നു. വർഷയോടൊപ്പം അവളുടെ കട്ടിലിലാണ് ജയേഷ് കിടന്നത്. സ്നേഹത്തോടെ ഭാര്യയെ ചേർത്തുപിടിച്ചു കിടന്നു. ആ സ്നേഹം കണ്ടപ്പോൾ വർഷയുടെ ഹൃദയം തേങ്ങി.

അവൾ ഓർക്കുകയായിരുന്നു. ജയേഷിനോടു താൻ ചെയ്തത് വലിയ തെറ്റല്ലേ? ഗർഭച്ഛിദ്രം നടത്തിയിട്ട് ബാത്റൂമിൽ കാലുതെന്നിവീണ് അബോർഷനായീന്നു നുണ പറഞ്ഞു. ജയേഷ് അതു കണ്ടുപിടിച്ചു ചോദിച്ചപ്പോഴും തെറ്റ് ഏറ്റുപറഞ്ഞില്ല. നിഷേധിച്ചു. അതിന്റെയൊക്കെ ശിക്ഷയായിരിക്കുമോ ഈ അപകടം? ദൈവം എല്ലാം കാണുന്നുണ്ടല്ലോ!

ജയേഷിനോടു കുറ്റം ഏറ്റുപറഞ്ഞ് മാപ്പുചോദിച്ചാലോ? അതല്ലേ മര്യാദ? പറഞ്ഞില്ലെങ്കിൽ ഇനിയും ആപത്തുകൾ ഒന്നൊന്നായി വന്നാലോ? പറയണമെന്നുള്ള ഒരു സൂചനയല്ലേ ഈ അപകടത്തിലൂടെ ദൈവം തന്നത്?”

“ജയേഷ് ഉറങ്ങിയോ?”

“ഇല്ല.”

“എനിക്കൊരു കാര്യം പറയാനുണ്ട്.”

“എന്താ? ജയേഷ് എണീറ്റു ലൈറ്റിട്ടു.

വർഷ കട്ടിലിൽ എണീറ്റിരുന്നിട്ട് പശ്ചാത്താപഭാരത്തോടെ ജയേഷിനെ നോക്കി.

“എന്തേ കണ്ണു നിറഞ്ഞിരിക്കുന്നേ? എന്തുപറ്റി മോളേ?”

വർഷയെ ചേർത്തുപിടിച്ചിട്ട് ജയേഷ് അവളുടെ കവിളിൽ ഒരു മുത്തം നൽകി. അതുകണ്ടപ്പോൾ അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകി. ദേഹത്ത് കണ്ണുനീരിന്റെ നനവ് അനുഭവപ്പെട്ടപ്പോൾ ജയേഷ് അവളുടെ മുഖത്തേക്കു സൂക്ഷിച്ചുനോക്കി.

“എന്തിനാ കരയുന്നേ?”

“ജയേഷ് എന്നെ ഇത്രയേറെ സ്നേഹിക്കുന്നുണ്ടെന്ന് തിരിച്ചറിയാൻ ഞാൻ വൈകിപ്പോയി.” അവൾ ഏങ്ങലടിച്ചു.

“ഓ അതാണോ കാര്യം! സാരമില്ല. കഴിഞ്ഞതൊന്നും ഓർത്തു വിഷമിക്കണ്ട. കുറച്ചു മാസങ്ങളല്ലേ ആയുള്ളൂ നമ്മൾ ഒരുമിച്ചു ജീവിതം തുടങ്ങിയിട്ട്. ഇനിയും എത്രയോ വർഷങ്ങളുണ്ട് നമ്മുടെ മുമ്പിൽ. കഴിഞ്ഞതൊക്കെ മറക്കുക. ഇനിയുള്ള കാലം നമുക്കു സ്നേഹത്തോടെ മുമ്പോട്ടു പോകാം.”

“അതല്ല ജയേഷ്.”

“പിന്നെ?”

“ഞാൻ ജയേഷിനോടു ക്ഷമിക്കാനാവാത്ത ഒരു തെറ്റു ചെയ്തു.”

“എന്താ?”

ജയേഷ് ഇന്നലെ രാത്രി എന്നോടു ചോദിച്ചില്ലേ. അബോർഷൻ നടത്തിയോന്ന്. ഇല്ലെന്നു ഞാൻ പറഞ്ഞു. അതു നുണയായിരുന്നു. നമ്മുടെ കുഞ്ഞിനെ ഞാൻ കൊന്നുകളഞ്ഞതാ ജയേഷ്. എന്നോടു ക്ഷമിക്കണേ...”

ജയേഷിന്റെ നെഞ്ചിലേക്കു ശിരസ്സമർത്തി അവൾ പൊട്ടിക്കരഞ്ഞു.

“ഇതായിരുന്നോ കാര്യം. എനിക്കറിയായിരുന്നു അബോർഷൻ നടത്തീതാന്നും വർഷ എന്നോടു നുണ പറഞ്ഞതാന്നും. ഞാൻ സത്യം മനസ്സിലാക്കി എന്നറിയുമ്പം വർഷയുടെ മനസ്സിൽ കുറ്റബോധം ഉണ്ടാകുമെന്നും എന്നെങ്കിലും എന്നോടു സത്യം തുറന്നുപറയുമെന്നും എനിക്കറിയായിരുന്നു. അതുകൊണ്ടാ വർഷ പറഞ്ഞതു വിശ്വസിച്ചു എന്നു ഞാനിന്നലെ പറഞ്ഞത്. ക്ഷമിക്കാൻ പറ്റുന്ന ഒരു ഹൃദയം എനിക്കുള്ളതുകൊണ്ടല്ലേ വർഷ പറഞ്ഞതു വിശ്വസിച്ചു എന്നുപറഞ്ഞ് ആ ചാപ്റ്റർ ഞാൻ ഇന്നലെ ക്ലോസ് ചെയ്തത്. ഇനി അതേക്കുറിച്ച് ഓർത്തു വിഷമിക്കണ്ട. ഞാൻ എല്ലാം ക്ഷമിച്ചു,”

ജയേഷ് അവളുടെ കണ്ണുനീർ ഒപ്പി. മനസ്സിൽനിന്ന് ഒരു വലിയ ഭാരം ഇറക്കിവച്ച ആശ്വാസമായിരുന്നു വർഷയ്ക്ക് അപ്പോൾ.

“അമ്മ അറിഞ്ഞോ അബോർഷൻ നടത്തിയ കാര്യം?”

“ഉം.”

“അമ്മയ്ക്കെന്നോട് ഒരുപാട് ദേഷ്യമുണ്ടാകും അല്ലേ?”

“ഏയ്... അതൊക്കെ ഞാൻ സാവകാശം പറഞ്ഞ് മാറ്റിക്കോളാം. ഇനി അമ്മയോട് കൂടുതൽ സ്നേഹത്തോടെ പെരുമാറണം കേട്ടോ.”

“തീർച്ചയായും.”

“സ്നേഹംകൊണ്ട് അമ്മയുടെ മനസ്സു കീഴടക്കണം. അപ്പം നിന്നോടുള്ള എല്ലാ ദേഷ്യവും മാറിക്കോളും.”

“എന്റെ സ്വന്തം അമ്മയേക്കാളേറെ ഞാനിനി ജയേഷിന്റെ അമ്മയെ സ്നേഹിക്കും. എന്റെ ഇഷ്ടത്തേക്കാൾ ജയേഷിന്റെ ഇഷ്ടമായിരിക്കും എനിക്കിനി പ്രധാനം.”

“അങ്ങനെ വേണ്ട. നമ്മളു രണ്ടുപേരും തുല്യരാ. നിന്റെ ഇഷ്ടങ്ങളും അനിഷ്ടങ്ങളും എന്നോടു തുറന്നുപറയണം. സാധിച്ചുതരാൻ പറ്റുന്നതാണെങ്കിൽ തീർച്ചയായും സാധിച്ചുതരും. പക്ഷേ, മദ്യം കഴിക്കുന്നപോലുള്ള ദുശ്ശീലങ്ങളൊക്കെ ഒഴിവാക്കണം. അതൊന്നും നമ്മുടെ ആരോഗ്യത്തിനു നല്ലതല്ല.”

“ഇനി ഒരിക്കലും ഞാൻ മദ്യം കഴിക്കില്ല ജയേഷ്.”

“വെരിഗുഡ്.”

“ഇത്രയും വലിയൊരു ഹൃദയത്തിനുടമയാണ് ജയേഷെന്നു ഞാൻ തിരിച്ചറിയാൻ വൈകിപ്പോയി.”

ശേഷം 14-ാം പേജിൽ

# പ്രതീക്ഷയേകുന്ന പ്രഖ്യാപനങ്ങൾ

(9-ാം പേജ് തുടർച്ച)

ആദ്യദിനംതന്നെ വിശപ്പിനും ദാരിദ്ര്യത്തിനുമെതിരായ ആഗോളസഖ്യത്തിനു തുടക്കമായത് ശ്രദ്ധേയമായി. ആഗോളതലത്തിൽ സാമ്പത്തികസ്ഥിരത വർധിപ്പിക്കുന്നതിനും വ്യാപാരസംവിധാനം ശക്തിപ്പെടുത്തുന്നതിനും കാലാവസ്ഥാദുരന്തങ്ങൾ നേരിടുന്നതിനുമുള്ള കൂട്ടായതും ക്രിയാത്മകവുമായ നടപടികളും പ്രവർത്തനപദ്ധതികളും ഉച്ചകോടിയിൽ ചർച്ചചെയ്തു. വ്യാപാരവും നിക്ഷേപവും പ്രോത്സാഹിപ്പിക്കുന്ന രാജ്യാന്തരനയങ്ങൾ രൂപീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക, ഡിജിറ്റൽ പരിവർത്തനം ത്വരിതപ്പെടുത്തുക, കോർപ്പറേറ്റുകൾക്കൊപ്പം ചെറുകിട ഇടത്തരം മേഖലയുടെ വളർച്ചയ്ക്കുതകുന്ന പദ്ധതികൾ രൂപകല്പന ചെയ്തു നടപ്പാക്കുക, കാർഷിക-ഹരിത സമ്പദ്‌വ്യവസ്ഥ മെച്ചപ്പെടുത്തുക, കാർബൺ കുറയ്ക്കുക, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ടുള്ള സാമ്പത്തികവളർച്ചാപദ്ധതികളും യുവസംരംഭങ്ങളും എന്നീ വിഷയങ്ങളും പ്രത്യേകമായി ഉച്ചകോടിയിൽ പരിഗണിക്കപ്പെട്ടു.



**പ്രതീക്ഷയേകുന്ന പ്രഖ്യാപനങ്ങൾ**

നീതിപൂർവകമായ ഒരു ലോകവും സുസ്ഥിരമായ ഒരു ഗ്രഹവും കെട്ടിപ്പടുക്കുന്നതിനുള്ള പ്രതിബദ്ധത ഉറപ്പിച്ചുകൊണ്ട് ജി 20 ഉച്ചകോടിയുടെ 85 ഖണ്ഡികകളിലുള്ള പ്രഖ്യാപനങ്ങൾ ഏറെ പ്രതീക്ഷ നൽകുന്നു. സാമ്പത്തിക രാഷ്ട്രീയ സാഹചര്യങ്ങളിലെ അന്താരാഷ്ട്ര സഹകരണത്തിനായുള്ള മുഖ്യവേദിയായി ജി 20യെ രാഷ്ട്രത്തലവന്മാർ പ്രഖ്യാപിച്ചു. ആഗോളസമ്പദ്‌വ്യവസ്ഥയെ പരിപോഷിപ്പിക്കാനുള്ള ഉത്തരവാദിത്വം ഉച്ചകോടിയിൽ ഇവർ ആവർത്തിച്ചു. 2030 ൽ പൂർണമാകേണ്ട സുസ്ഥിരവികസനലക്ഷ്യങ്ങൾ വിലയിരുത്തി പ്രതിസന്ധികളും വെല്ലുവിളികളും രാജ്യാന്തരസഹകരണത്തിലൂടെയും രാഷ്ട്രീയമുന്നേറ്റത്തിലൂടെയും നേരിടാനും അസമത്വം അവസാനിപ്പിക്കാനുമുള്ള പദ്ധതികളും പ്രഖ്യാപിച്ചു. സാമ്പത്തികവളർച്ചയെ പിന്തുണയ്ക്കുന്നതിലും സുസ്ഥിരമായ സാമ്പത്തികാവസ്ഥയെ പ്രോത്സാഹിപ്പിക്കുന്നതിലുമുള്ള പ്രതിബദ്ധതയെ ഉച്ചകോടി സ്വാഗതം ചെയ്തു.

**വികസനം-ഊർജം-കാലാവസ്ഥ**

സാമ്പത്തിക, സാമൂഹിക, പാരിസ്ഥിതിക തലങ്ങളിലെ സുസ്ഥിരവികസനം ഉച്ചകോടി ഊന്നിപ്പറഞ്ഞു. കാലാവസ്ഥാവ്യതിയാനം, ജൈവവൈവിധ്യനഷ്ടം, മരുഭൂവത്കരണം, സമുദ്രത്തിന്റെയും കരയുടെയും തകർച്ച, വരൾച്ച, മലിനീകരണം എന്നിവമൂലമുണ്ടാകുന്ന പ്രതിസന്ധികളും വെല്ലുവിളികളും നേരിടാൻ ഒറ്റക്കെട്ടായി പ്രവർത്തിക്കാൻ ലോകരാഷ്ട്രങ്ങളോട് ഉച്ചകോടി അഭ്യർഥിച്ചു. ഊർജസംക്രമണങ്ങൾക്കായി വിശ്വസനീയവും വൈവിധ്യപൂർണവും ഉത്തരവാദിത്വമുള്ളതുമായ വിതരണശൃംഖലകളെ ആഗോളതലത്തിൽ പിന്തുണയ്ക്കും.

**ഗവേണൻസ് നവീകരണം**

ഗ്ലോബൽ ഗവേണൻസ് സ്ഥാപനങ്ങളുടെ നവീകരണത്തെക്കുറിച്ചും ഉച്ചകോടി വ്യക്തത വരുത്തി. ആഗോളഭരണം ശക്തിപ്പെടുത്താൻ യുണൈറ്റഡ് നേഷൻസ് ഇന്റർനാഷണൽ ഫിനാൻഷ്യൽ ആർക്കിടെക്ചർ, ഐഎംഎഫ് ബഹുമുഖ വായ്പാസംവിധാനങ്ങൾ എന്നിവയെല്ലാം കാലഘട്ടത്തിനനുസരിച്ചു നവീകരണത്തിനു വിധേയമാക്കണമെന്നും ഉച്ചകോടി നിർദേശിച്ചു. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യതകളും വിനിയോഗങ്ങളും ചർച്ചകളിലും പ്രഖ്യാപനങ്ങളിലും ഇടംനേടിയത് പ്രതീക്ഷയുണർത്തുന്നു.

ഭീകരവാദ ആക്രമണങ്ങളും യുദ്ധങ്ങളും സംഘട്ടനങ്ങളും സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ ഉച്ചകോടിയിൽ വേദന സൃഷ്ടിച്ചു. മധ്യപൂർവദേശത്തെ ആനുകാലികസാഹചര്യങ്ങൾ, യുക്രെയ്ൻ-റഷ്യ യുദ്ധം എന്നിവയെ അപലപിച്ച ഉച്ചകോടി യുഎൻ നിർദേശങ്ങൾ മാനിക്കണമെന്ന് അഭ്യർഥിച്ചു. ആണവായുധമില്ലാത്തതും സുരക്ഷിതത്വം ഉറപ്പാക്കുന്നതുമായ ലോകം സൃഷ്ടിക്കാൻ അംഗരാജ്യങ്ങൾ പ്രതിജ്ഞാബദ്ധമാണെന്നും വ്യക്തമാക്കി. ഭീകരതയെ തുടച്ചുനീക്കി സംഘർഷങ്ങൾക്കു സമാധാനപൂർണമായ ലോകക്രമം സൃഷ്ടിക്കാൻ ഉച്ചകോടി ആഹ്വാനം ചെയ്തു.

**വിശപ്പിനും ദാരിദ്ര്യത്തിനുമെതിരേ**

കുറഞ്ഞത് 80 രാജ്യങ്ങളുടെ പിന്തുണയോടെ ദാരിദ്ര്യവും പട്ടിണിയും നേരിടാൻ ഒരു ആഗോളസഖ്യം പ്രഖ്യാപിച്ചതാണ് ജി 20യുടെ 19-ാം ഉച്ചകോടി ലോകത്തിനു നൽകുന്ന ഏറ്റവും വലിയ പ്രതീക്ഷ. ഭക്ഷ്യസുരക്ഷ ഉറപ്പാക്കി ലോകമെമ്പാടുമുള്ള ദുർബലസമൂഹങ്ങളുടെ ഉന്നമനത്തിനുവേണ്ടിയുള്ള സുപ്രധാന നീക്കത്തെ അംഗരാജ്യങ്ങളും പ്രത്യേകക്ഷണിതാക്കളും ഒറ്റക്കെട്ടായി സഹർഷം സ്വാഗതം ചെയ്തു.

ദാരിദ്ര്യം കുറയ്ക്കുന്നതിനും പട്ടിണി ഇല്ലാതാക്കുന്നതിനുമുള്ള മുന്നേറ്റങ്ങൾക്കു കൊവിഡ് 19 നെത്തുടർന്ന് വലിയ തിരിച്ചടിയുണ്ടായി. പട്ടിണി അനുഭവിക്കുന്നവരുടെ എണ്ണം വർധിച്ചു. സ്ത്രീകളും കുട്ടികളും പ്രധാനമായും ഇതിന്റെ ഇരകളായി. ഈ പ്രതിസന്ധി വളർച്ചയെയും തൊഴിലവസരങ്ങളെയും സാരമായി ബാധിച്ചു. പട്ടിണി ഇല്ലാതാകണമെങ്കിൽ ഭക്ഷ്യോത്പാദനം വർധിപ്പിക്കണം. ദാരിദ്ര്യത്തിനെതിരേ പോരാടാനും പട്ടിണിയെ തോല്പിക്കാനും നമുക്ക് അറിവോ വിഭവങ്ങളോ ഇല്ല. ഇതിനുവേണ്ടത് രാഷ്ട്രീയ ഇച്ഛാശക്തിയാണെന്നു വ്യക്തമാക്കിയാണ് ഉച്ചകോടി ആഗോളസഖ്യം പ്രഖ്യാപിച്ചത്. രാജ്യങ്ങൾ, സംഘടനകൾ, ബഹുമുഖവികസനബാങ്കുകൾ, വിജ്ഞാനകേന്ദ്രങ്ങൾ, ജീവകാരുണ്യസ്ഥാപനങ്ങൾ എന്നിവരെല്ലാം ഈ ഉദ്യമത്തിൽ കൈകോർക്കും.

അസമത്വങ്ങൾ കുറയ്ക്കാനും സുസ്ഥിരതയ്ക്കായി ആഗോളപങ്കാളിത്തം പുനരുജ്ജീവിപ്പിക്കാനും ഉച്ചകോടിയിൽ തീരുമാനമായി. അഴിമതിക്കും അനധികൃത സാമ്പത്തിക ഒഴുക്കിനുമെതിരേ ഉച്ചകോടിയിൽ ശബ്ദമുയർന്നു. അന്താരാഷ്ട്രനികുതി സഹകരണങ്ങൾക്കനുകൂലമായ നിലപാട് രാഷ്ട്രത്തലവന്മാർ സ്വീകരിച്ചു. ഒരു തലമുറയുടെ അസമമായ സാമൂഹികചലനാത്മകതയും അവസരങ്ങളും തുടർഫലങ്ങളും വരും തലമുറയെയും നേരിട്ടു സ്വാധീനിക്കുമെന്നതിനാൽ വിവേചനപരമായ നിയമങ്ങൾ, നയങ്ങൾ, സമ്പ്രദായങ്ങൾ എന്നിവ ഒഴിവാക്കി ഉചിതമായ നിയമനിർമാണങ്ങളും നയങ്ങളും നടപടികളും പ്രോത്സാഹിപ്പിക്കണമെന്ന് ഉച്ചകോടി നിർദേശിച്ചു. ഗവേഷണത്തിലും നവീകരണത്തിലും തുറന്നതും പരസ്പരം പ്രയോജനകരവുമായ അന്താരാഷ്ട്ര സഹകരണത്തിന് ഉച്ചകോടിയിൽ പിന്തുണയേറി.

**ആഗോള സമവായം അകലെ**

പട്ടിണിക്കും ദാരിദ്ര്യത്തിനുമെതിരേ ആഗോളസഖ്യം പ്രഖ്യാപിച്ചെങ്കിലും ലോകരാഷ്ട്രങ്ങൾ അനുദിനം നേരിടുന്ന വെല്ലുവിളികളെ നേരിടുന്നതിൽ ജി 20 കൂട്ടായ്മ വിജയിച്ചോ എന്നു സംശയമുണ്ട്. പല വിഷയങ്ങളിലും ഒരുമിച്ചു പ്രവർത്തിക്കണമെന്നു പ്രഖ്യാപിക്കുമ്പോഴും യോജിപ്പിന്റെ തലങ്ങളെക്കാൾ ആഭ്യന്തരപ്രശ്നങ്ങൾ വിവിധ രാഷ്ട്രങ്ങളെ പ്രതിസന്ധിയിലാക്കുന്നു. ബ്രിക്സ് രാജ്യങ്ങളായ ഇന്ത്യയും ബ്രസീലും ദക്ഷിണാഫ്രിക്കയും ചൈനയും റഷ്യയും ഇതിൽനിന്നു ഭിന്നരല്ല.

അമേരിക്ക, യൂറോപ്പ്, ആഫ്രിക്കൻ സമ്പദ്‌വ്യവസ്ഥകളും തകർച്ച നേരിടുന്നു. യുഎസ്എയുടെ കടം റിക്കാർഡ് വേഗത്തിൽ കുതിക്കുന്നു. തൊഴിലവസരങ്ങൾ കുറയുന്നു. പണപ്പെരുപ്പം വേറെയും. ബൈഡനിൽനിന്ന് ട്രംപിലേക്കുള്ള ഭരണമാറ്റം അമേരിക്കൻ സമ്പദ്‌വ്യവസ്ഥയെയും ആഗോള ഭരണസംവിധാനങ്ങളെയും എങ്ങനെ ബാധിക്കുമെന്ന ചിന്ത ജി 20 യിലെ അനൗദ്യോഗികചർച്ചകളിൽ ഉയർന്നിരുന്നു. യൂറോപ്യൻരാജ്യങ്ങളും പണപ്പെരുപ്പം, മത്സരക്ഷമതയുടെ പിന്നാക്കാവസ്ഥ എന്നീ പ്രശ്നങ്ങളെ നേരിടുന്നു. അമേരിക്കയും ചൈനയുമായുള്ള വ്യാപാരമത്സരം മുൻകാലങ്ങളിലേതുപോലെ വീണ്ടും ആവർത്തിക്കാനുള്ള സാധ്യതയും ഇവമൂലം ആഗോളവ്യാപാരമേഖലയിലുണ്ടാകുന്ന ഭിന്നിപ്പും വെല്ലുവിളികളും ജി 20 രാജ്യങ്ങളിൽ ആശങ്കകൾ ഉയർത്തുന്നുണ്ട്.

അംഗരാജ്യങ്ങളിലെ ആയുധവത്കരണവും രാഷ്ട്രീയവത്കരണവും ഭാവിയിൽ കൂടുതൽ ദോഷം സൃഷ്ടിക്കും. വ്യാപാരം, നിക്ഷേപം, ഉത്പാദനം, വിതരണശൃംഖലകൾ, മൂലധനം, കറൻസികൾ, കുടിയേറ്റം എന്നിവ സംബന്ധിച്ചുള്ള നയങ്ങൾ രൂപീകരിച്ചു മുന്നേറാൻ ജി 20യിൽ കടമ്പകളേറെ. സന്തുലിതവും സുസ്ഥിരവുമായ വളർച്ചയിൽ ആഗോളസമവായം രൂപപ്പെടുത്താനുള്ള ശ്രമങ്ങളിൽ ജി 20 ഉച്ചകോടി ലക്ഷ്യത്തിലെത്തിയില്ലെന്നതാണു വാസ്തവം. ■

# ഭാരതത്തിന്റെ അഭിമാനം

(1-ാം പേജ് തുടർച്ച)

ഒരു വാതിലിന് വിജാഗിരി എത്രമാത്രം പ്രാധാന്യമുള്ളതാണോ അതുപോലെ ആളുകളുടെ വാതിലായ ക്രിസ്തുവിന്റെ വികാരിയായ മാർപാപ്പായുടെ സഭയെ ഭരിക്കുന്ന ശുശ്രൂഷയിൽ വളരെ പ്രധാനമായ ഒരു ദൗത്യം നിർവഹിക്കുന്നവരാണ് കർദിനാൾമാർ. കത്തോലിക്കാസഭയുടെ ഹയരാർക്കിയിൽ രണ്ടാംസ്ഥാനത്തു കാണപ്പെടുന്ന കർദിനാൾമാർ മഹാനായ ഗ്രിഗറി മാർപാപ്പയുടെ കാലം (590-604 എഡി) മുതലെങ്കിലും പ്രസ്തുത പേരിലും ഔന്നത്യത്തിലും അറിയപ്പെടുകയും മാർപാപ്പാമാരെ തിരഞ്ഞെടുക്കുന്നതു തുടങ്ങി കത്തോലിക്കാസഭയുടെ റോമിലെ ഭരണത്തിൽ പ്രധാനപ്പെട്ട പങ്കുവഹിക്കുകയും ചെയ്തിരുന്നു. ഇന്നും റോമൻ കൂരിയ എന്ന പേരിലറിയപ്പെടുന്ന, വത്തിക്കാനിലെ മാർപാപ്പയെ സാർവത്രികസഭയുടെ ഭരണത്തിൽ സഹായിക്കുന്ന ഡിക്കാസ്റ്ററികളിൽ മിക്കതിന്റെയും തലപ്പത്തുള്ളവർ കർദിനാൾമാർ തന്നെ.

മാർപാപ്പമാരെ ഭരണത്തിൽ സഹായിച്ചും പത്രോസിന്റെ പിൻഗാമിയായ മാർപാപ്പയ്ക്കുവേണ്ട ഉപദേശങ്ങൾ നൽകിക്കൊണ്ടും കത്തോലിക്കാസഭയിൽ പ്രധാനപ്പെട്ട പദവികൾ വഹിക്കുന്ന കർദിനാൾസ്ഥാനം, പക്ഷേ, മെത്രാൻപട്ടത്തിനു മുകളിലുള്ള മറ്റൊരു പട്ടമല്ല. കത്തോലിക്കാസഭയിലെ പട്ടങ്ങൾ ഡീക്കൻപട്ടം, പുരോഹിതപട്ടം, മെത്രാൻപട്ടം എന്നിങ്ങനെ മൂന്നെണ്ണംമാത്രം. എന്നാൽ, കർദിനാൾമാർ മൂന്നു ഗണമായി തരംതിരിക്കപ്പെട്ടിരിക്കുന്നു. അവ കർദിനാൾ, മെത്രാൻ, പുരോഹിതർ ഡീക്കൻ കർദിനാൾ എന്നിവയാണ്.

കർദിനാൾ മെത്രാൻപട്ടം സ്വീകരിച്ചിരിക്കണമെന്ന് നൈയാമികമായി നിഷ്കർഷയില്ലെങ്കിലും സാധാരണഗതിയിൽ മെത്രാൻപട്ടം സ്വീകരിച്ചവരാണ് കർദിനാൾ പദവിയിലേക്ക് ഉയർത്തപ്പെടുക. ഇന്ത്യയിൽനിന്ന് ആദ്യമായാണ് ഒരു വൈദികനെ മാർപാപ്പാ നേരിട്ട് കർദിനാൾ പദവിയിലേക്ക് ഉയർത്തുന്നത്. വൈദികരെ കർദിനാൾമാരായി ഉയർത്താനായി നിശ്ചയിക്കുമ്പോൾ, സാമാന്യഗതിയിൽ പ്രസ്തുത കൺസിസ്റ്ററിക്കുമുമ്പായി അവർക്ക് മെത്രാൻപട്ടം നൽകും. മോൺ. ജോർജ് കൂവക്കാട് അതനുസരിച്ച് നവംബർ 24 ന് ചങ്ങനാശേരിയിൽവച്ച് മെത്രാൻപട്ടം സ്വീകരിച്ചു. ഫ്രാൻസിസ് മാർപാപ്പാ ഇത്തവണ കർദിനാൾ സ്ഥാനത്തേക്ക് ഉയർത്തുന്നവരിൽ 44 മുതൽ 99 വയസ്സുവരെയുള്ളവരുണ്ട്. ■

■

# അമ്മയും കുഞ്ഞും പണ്ട്! ഇന്നോ?



**ഡോ. തോമസ് മൂലയിൽ**

ആനപ്പുറത്തും കുതിരപ്പുറത്തും ഒട്ടകപ്പുറത്തും കഴുതപ്പുറത്തും മനുഷ്യൻ സവാരി ചെയ്തിരുന്നു; ഇന്നും അങ്ങനെ ചെയ്യാറുണ്ട്. കാളവണ്ടിയിലും കുതിരവണ്ടിയിലും യാത്രയുണ്ടായിരുന്നു; ഇന്നും ചില സ്ഥലങ്ങളിലെല്ലാമുണ്ട്. പക്ഷേ, 'പട്ടി'വണ്ടിയിലുള്ള യാത്ര...! അതിപ്പോൾ ഉള്ളതായിക്കാണുന്നു. നേരിട്ടു കണ്ടിട്ടില്ല; എങ്കിലും സോഷ്യൽ മീഡിയായിൽ കാണാൻ കഴിഞ്ഞു. ഇന്ത്യയിലല്ല; ചൈനയിലാണെന്നു തോന്നുന്നു. ഒരു പെൺകുട്ടി സ്കൂളിൽ പോകാനൊരുങ്ങി വീട്ടിൽനിന്നിറങ്ങുന്നു. പുസ്തകങ്ങളും ഭക്ഷണപ്പൊതികളുമെല്ലാമുണ്ട്. അപ്പോൾ ഒരു 'പട്ടിവണ്ടി' വന്നുനില്ക്കുന്നു. കുട്ടി അതിൽ കയറിയിരിക്കുന്നു. കുതിരവണ്ടിയിലോ കാളവണ്ടിയിലോ കയറുന്ന ആയാസമൊന്നും കണ്ടില്ല. ഒരു ഓട്ടോയിൽ കയറുന്ന ലാഘവത്തോടെ, വളരെ കൂളായിട്ടു കുട്ടി കയറി; സീറ്റിലിരുന്നു. വണ്ടിയിൽ ബന്ധിച്ചിരുന്ന ചരടു കടിച്ചുപിടിച്ചുകൊണ്ട് പട്ടി ഓട്ടമാരംഭിച്ചു. നിമിഷനേരംകൊണ്ടു വിദ്യാലയത്തിലെത്തുന്നു. കുട്ടി വണ്ടിയിൽനിന്നിറങ്ങി സ്കൂളിലേക്കു നടന്നുനീങ്ങുന്നു!

മുതിർന്ന കുട്ടിയെ സ്കൂളിലെത്തിക്കുക മാത്രമല്ല, സംരക്ഷണച്ചുമതലയും ശ്വാനൻ ഏറ്റെടുത്തിരിക്കുന്നതായി കാണുന്നു! ഒരു അമ്മ കുഞ്ഞിനെ എടുത്തു മാറോടു ചേർത്തുപിടിക്കുന്നതുപോലെ ഒരു പട്ടി മനുഷ്യക്കുഞ്ഞിനെ എടുത്തു ചേർത്തുപിടിച്ചു ലാളിക്കുന്നതു കാണാനിടവന്നു! തീർന്നിട്ടില്ല, കുഞ്ഞിനു കുപ്പിപ്പാൽ വായിൽവച്ചുകൊടുത്തു കുടിപ്പിക്കുന്നു; കുഞ്ഞിനെ കൂടെക്കിടത്തി ഒരു കൈകൊണ്ടു കെട്ടിപ്പിടിച്ചുറക്കുന്നു; ഒപ്പം, പട്ടിയും ശാന്തമായി ഉറങ്ങുന്നു! മറ്റൊരു കുഞ്ഞ് പട്ടിയുടെ ദേഹത്തു ചാരിക്കിടന്ന് ഉറങ്ങുന്നതായും കണ്ടു. പട്ടികൾ മാത്രമല്ല, പൂച്ചകളും ഇതേ രീതിയിൽ ശിശുശുശ്രൂഷ നടത്തുന്നുണ്ട്! പട്ടിയും പൂച്ചയും സംരക്ഷണം നല്കുന്നതോടൊപ്പം മുത്തം കൊടുത്തു ലാളിക്കുന്നതും കാണാനിടയായി!



പണ്ട്, അമ്മയും കുഞ്ഞുമായിരുന്നു. പിന്നീട്, അമ്മൂമ്മയും കുഞ്ഞുമായി, അവസാനം ആയയും കുഞ്ഞുമായി മാറി. ഇപ്പോൾ പെറ്റ് ആനിമൽസ് ചുമതല ഏറ്റെടുക്കുന്നു. അല്ല ആ ചുമതല അവരെ ഏല്പിക്കുന്നു പോലും. കാലം പോയ പോക്കേ...! സ്ത്രീകൾ ജോലിക്കു പോകാൻ തുടങ്ങിയപ്പോൾ ശിശുസംരക്ഷണം ഭാഗികമായി അമ്മൂമ്മയെ ഏല്പിച്ചു. വിദേശത്തു ജോലിക്കുപോകാൻ തുടങ്ങിയതോടെ പൂർണമായും അമ്മൂമ്മയെ ഏല്പിക്കാൻ തുടങ്ങി. അമ്മൂമ്മയെയും അപ്പൂപ്പനെയും വൃദ്ധസദനത്തിൽ ഏല്പിക്കാൻ തുടങ്ങിയതോടെ, ചിലരെങ്കിലും ആയയെ ചുമതല ഏല്പിച്ചു. ഇതു വിരൽചൂണ്ടുന്നത് സംഭവിക്കാൻ പോകുന്ന വലിയ വിപത്തുകളിലേക്കാണ്.

പണമല്ല, മക്കളാണു തങ്ങളുടെ ഏറ്റവും വലിയ സ്വത്ത് എന്ന കാര്യം മാതാപിതാക്കൾ വിസ്മരിക്കുന്നു. മക്കൾക്കായി പണം സമ്പാദിക്കുന്നതിനായി, അവർക്കു കൊടുക്കേണ്ട സ്നേഹവും കരുതലും അവഗണിക്കുമ്പോൾ മാതാപിതാക്കൾ മക്കളുടെ രക്ഷിതാക്കളല്ല, ശത്രുക്കളായിട്ടാണു പരിണമിക്കുന്നത്. അന്യനാട്ടിൽ പോയി കഷ്ടപ്പെട്ടു പണമുണ്ടാക്കി മക്കൾക്കു നല്കി കൃതകൃത്യതാനിർവഹണചാരിതാർഥ്യം നേടുന്നവർക്കു തെറ്റുപറ്റിയെന്ന് അവർ തിരിച്ചറിയുമ്പോഴേക്കും എല്ലാം കൈവിട്ടുപോയിരിക്കും. മകനോ മകളോ മയക്കുമരുന്നിനടിമയാണെന്നു വളരെ വൈകി തിരിച്ചറിഞ്ഞു വിലപിക്കുന്ന മാതാപിതാക്കളുടെ സംഖ്യ വളരെ വർധിച്ചുവരുന്നതായി പഠനങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. സൂചികൊണ്ടെടുക്കേണ്ടത് തൂമ്പാകൊണ്ടെടുക്കാൻ ശ്രമിക്കുന്ന ഹതഭാഗ്യർ! 'ഇനി എന്താ ചെയ്യുക?' എന്ന ചോദ്യവും 'ഇനി ഒന്നും ചെയ്യാനില്ല' എന്ന മറുപടിയും സർവസാധാരണമായിരിക്കുന്നു. ഒന്നല്ലേയുള്ളൂ, രണ്ടേല്ലേയുള്ളൂ എന്നു പറഞ്ഞു മക്കളുടെ ഇഷ്ടങ്ങളെല്ലാം സാധിച്ചുകൊണ്ട്, ഒരിക്കലും 'അരുത്' എന്നു പറയാൻ കൂട്ടാക്കാത്ത മാതാപിതാക്കൾ അവസാനം കണ്ണീർ പൊഴിക്കുന്ന സ്ഥിതിവിശേഷം! "അസാധ്യമായുള്ളതിലാശവച്ചാൽ, അസംഖ്യമായൊരു ദുഃഖമുണ്ടാം; കരത്തിൽ വേണം ശശിയെന്നു ബാലൻ കരഞ്ഞുകൊണ്ടാലടി തന്നെ കൊള്ളും" എന്നു പറഞ്ഞു പഠിപ്പിച്ച കവികളുടെയും കാലം കഴിഞ്ഞിരിക്കുന്നു.

വീടു വിട്ടാൽപ്പിന്നെ വിദ്യാലയമാണ്. പരീക്ഷയ്ക്കു കിട്ടുന്ന മാർക്കിന്റെയടിസ്ഥാനത്തിൽ കുട്ടിയുടെ ഭാവി നിർണയിക്കുന്ന ഒരു സ്ഥിതിവിശേഷമാണിന്നുള്ളത്. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം ഫുൾഎ പ്ലസിൽ ഒതുങ്ങുന്നു. വാരിക്കോരി മാർക്കു നല്കാനുള്ള 'മഹാമനസ്കത' സർക്കാർ കാട്ടിയതോടെ എല്ലാം തലകീഴ്മറിഞ്ഞിരിക്കുന്നു! ഫുൾ എ പ്ലസ് കിട്ടിയാൽപ്പിന്നെ, കുട്ടിക്കു സന്തോഷം, മാതാപിതാക്കൾക്കു സന്തോഷം! പക്ഷേ, ഫുൾ എ പ്ലസിന്റെ സർട്ടിഫിക്കറ്റുമായി ചെല്ലുമ്പോൾ, അതു ചവറ്റുകൊട്ടയിൽ ഇടുമ്പോൾ തകരുന്നതു കുട്ടിയും രക്ഷിതാക്കളുംമാത്രമായി ചുരുങ്ങുന്നു. അതുകൊണ്ട്, പഠനത്തോടൊപ്പം മൂല്യങ്ങൾകൂടി നല്കാനും കഴിയാതെ പോകുന്ന വിദ്യാഭ്യാസം വരുത്തിവയ്ക്കുന്ന ദുരന്തം ചിന്തയ്ക്കും ഭാവനയ്ക്കും അപ്പുറമാണ്. അരുതുകളും അതിരുകളുമില്ലാതെ വിദ്യാലയത്തിൽനിന്നിറങ്ങി വരുന്ന കുട്ടി എന്താണു കാട്ടിക്കൂട്ടാൻ പോകുന്നതെന്ന് അനുഭവപാഠങ്ങൾ നമുക്കു പറഞ്ഞുതരുന്നുണ്ട്. പണ്ടൊക്കെ അധ്യാപകർക്കു പരിപൂർണപിന്തുണ ബന്ധപ്പെട്ടവരെല്ലാം, പ്രത്യേകിച്ചു രക്ഷിതാക്കൾ നല്കിയിരുന്നു. സമൂഹവും വിദ്യാഭ്യാസവകുപ്പും അധ്യാപകർക്കൊപ്പം നിന്നിരുന്ന ഒരു കാലമുണ്ട്. പക്ഷേ, ഇന്നിപ്പോൾ മൂല്യബോധമുള്ള അധ്യാപകർ ഒറ്റപ്പെടുന്നു. കുട്ടിയെയും രക്ഷിതാക്കളെയും സർക്കാരിനെയും പേടിച്ചാണ്, ഇന്ന് അധ്യാപകർ ക്ലാസിൽ വരുന്നത്. പ്രസക്തമായ ഒരു പത്രവാർത്ത: "കഴിഞ്ഞ നാലുവർഷത്തിനിടെ വിദ്യാർഥികളുടെയുൾപ്പെടെയുള്ള പരാതിയിൽ നടപടിയെടുത്തത് 24 അധ്യാപകർക്കെതിരേ! ക്രിമിനൽ ക്കേസും ജയിലും ഒഴിവാക്കാൻ സ്കൂളുകളിൽ അധ്യാപകർ വിദ്യാർഥികളെ പേടിച്ചു കഴിയേണ്ട സ്ഥിതിയുണ്ടെന്നു ഹൈക്കോടതി പറഞ്ഞു. മനഃസാക്ഷിയും ആത്മാർഥതയും പ്രതിബദ്ധതയുമുള്ള അധ്യാപകർ നിസ്സഹായരാകുന്ന സ്ഥിതിവിശേഷം!

മറ്റൊരു പത്രവാർത്ത: ഏഴാം ക്ലാസാണു രംഗം. അധ്യാപിക ഗൗരവത്തിൽ ക്ലാസെടുക്കുന്നതിനിടെ വിദ്യാർഥികളിലൊരാൾ ഡസ്കിൽ കാൽ കയറ്റിവച്ച് അലസമായി ഇരിക്കുന്നു. അതു ചോദ്യം ചെയ്ത അധ്യാപികയെ ആ പന്ത്രണ്ടുകാരൻ അസഭ്യം വിളിച്ചു. അധ്യാപിക വിദ്യാർഥിയെ വടിയെടുത്തു തല്ലി. അധ്യാപികയ്ക്കെതിരേ ക്രിമിനൽ കേസായി! ഒഴിവാക്കുന്ന ശിക്ഷകൾ നാടിനു ശിക്ഷയായി മാറിക്കൊണ്ടിരിക്കുന്നു എന്നു ചുരുക്കം.

കേരളത്തിൽ ഇന്നുവരെയുള്ള ചരിത്രത്തിൽ ഒരു ശിശു ജനിക്കുന്നതു ഹിന്ദുവായിട്ടോ മുസ്ലീമായിട്ടോ ക്രിസ്ത്യാനിയായിട്ടോ ഒക്കെയാണ്. ഇനിയത് ഏതെങ്കിലും പാർട്ടിയിൽ ജനിക്കുന്നതായിട്ടാവും രേഖപ്പെടുത്തുക. അല്ലെങ്കിൽ, ശ്രീനിവാസന്റെ ഒരു സിനിമയിൽ പറയുന്നതുപോലെ, "അമ്മ കോൺഗ്രസ്, അച്ഛൻ കമ്യൂണിസ്റ്റ്, ഞാൻ രണ്ടുംകെട്ടവൻ" എന്നാകാനും പാടില്ലായ്കയില്ല. ഏതെങ്കിലും മതത്തിൽ ജനിക്കുന്ന കുട്ടി മതത്തിന്റെ അനുശാസനമനുസരിച്ചാവും വളരുക. അതിനുള്ള പരിശീലനവേദികളുണ്ട്. മുസ്ലീംകൾക്കു മദ്രസകളും ക്രിസ്ത്യാനികൾക്കു മതബോധനക്ലാസുകളുമുണ്ട്. മതതത്ത്വങ്ങൾ പഠിപ്പിക്കുന്നത് മതമൗലികവാദികളാകാനുള്ള പരിശീലനമാകാതിരുന്നെങ്കിൽ! എല്ലാ മതങ്ങളും പ്രഘോഷിക്കുന്നതു സ്നേഹമാണ്; വെറുപ്പും വിവേചനവുമല്ല. പക്ഷേ, അനുഭവത്തിൽ പലപ്പോഴും മറിച്ചാണു കാണുന്നത്. ഏറ്റവും പ്രധാനപ്പെട്ട കല്പന ഏത് എന്ന ചോദ്യത്തിന് യേശു നല്കുന്ന മറുപടി:"നീ നിന്റെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണമനസ്സോടുംകൂടെ സ്നേഹിക്കുക. ഇതാണു പ്രഥമവും പ്രധാനവുമായ കല്പന. രണ്ടാമത്തെ കല്പനയും ഇതിനു തുല്യം തന്നെ. അതായത്, "നിന്നെപ്പോലെ നിന്റെ അയല്ക്കാരനെയും സ്നേഹിക്കുക" (മത്തായി 22:37-39). ആശാൻ പാടിയല്ലോ: "സ്നേഹമാണഖിലസാരമൂഴിയിൽ" ഈ സ്നേഹത്തിന്റെ ചൈതന്യം വീട്ടിലും വിദ്യാലയത്തിലും സമൂഹത്തിലും ഉണ്ടാകണം. അതാണു ശാന്തിയും സമാധാനവും ഉണ്ടാകാനുള്ള വഴി. □

**മക്കൾക്കായി പണം സമ്പാദിക്കുന്നതിനായി, അവർക്കു കൊടുക്കേണ്ട സ്നേഹവും കരുതലും അവഗണിക്കുമ്പോൾ മാതാപിതാക്കൾ മക്കളുടെ രക്ഷിതാക്കളല്ല, ശത്രുക്കളായിട്ടാണു പരിണമിക്കുന്നത്. അന്യനാട്ടിൽ പോയി കഷ്ടപ്പെട്ടു പണമുണ്ടാക്കി മക്കൾക്കു നല്കി കൃതകൃത്യതാനിർവഹണചാരിതാർഥ്യം നേടുന്നവർക്കു തെറ്റുപറ്റിയെന്ന് അവർ തിരിച്ചറിയുമ്പോഴേക്കും എല്ലാം കൈവിട്ടുപോയിരിക്കും.**

## ഫാ. ഡോ. ലൂക്ക് തടത്തിൽ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിഡന്റ്



ആലുവ: പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജിയുടെ പ്രസിഡന്റായി ഫാ. ഡോ. ലൂക്ക് തടത്തിൽ നിയമിതനായി. മാനന്തവാടി രൂപതാംഗമായ ഫാ. ലൂക്ക് നിലവിൽ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് വൈസ് പ്രസിഡന്റും മംഗലപ്പുഴ സെമിനാരി പ്രഫസറുമാണ്.

വത്തിക്കാനിലെ ഡിക്കാസ്റ്ററി ഫോർ കൾച്ചറൽ ആൻഡ് എജ്യുക്കേഷന്റെ നിർദേശപ്രകാരം കെസിബിസി അധ്യക്ഷൻ കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവയാണു നിയമനം നടത്തിയത്.




*സംസ്ഥാനതല കെ.സി.എസ്.എൽ.ദിനാചരണം പത്തനംതിട്ട മൈലപ്ര എസ്.എച്ച്. കൺവൻഷൻ സെന്ററിൽ കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷൻ ചെയർമാൻ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് ഉദ്ഘാടനം ചെയ്യുന്നു. പത്തനംതിട്ട രൂപതാധ്യക്ഷൻ ഡോ. സാമുവൽ മാർ ഐറേനിയോസ്, കെ.സി.എസ്.എൽ. സംസ്ഥാന ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ, പ്രസിഡന്റ് ബേബി തദേവൂസ് ക്രൂസ്, ചെയർമാൻ ജെഫിൻ ജോജോ, ജനറൽ ഓർഗനൈസർ മനോജ് ചാക്കോ, ട്രഷറർ ബോബി ജോൺ, രൂപത ഡയറക്ടർ ഫാ. ജോർജ് സാമുവേൽ, പ്രസിഡന്റ് ജോസഫ് വി. തോമസ് തുടങ്ങിയവർ സമീപം.*

# ഹൃദയാരോഗ്യം സമഗ്രമാകാൻ



ഡോ. ജോർജ് തയ്യിൽ



മനുഷ്യശരീരത്തിലെ ഏറെ സങ്കീർണമായ അവയവമാണു ശ്വാസകോശങ്ങൾ. നവജാതശിശുക്കളുടെ ശ്വാസകോശങ്ങൾക്കു 40 ഗ്രാം ഭാരമേയുള്ളൂവെങ്കിൽ, മുതിർന്നവരിൽ അതിന് 1000 ഗ്രാമുണ്ട്. മയവും സ്പോഞ്ചുപോലെ ഇലാസ്തികസ്വഭാവവുമുള്ള ഈ അവയവം നെഞ്ചിൻകൂടിനകത്തു ഭദ്രമായി സൂക്ഷിക്കപ്പെട്ടിരിക്കുന്നു. ശ്വാസകോശങ്ങൾക്കു വലംനെഞ്ചിൽ മൂന്നു പാളികളും ഇടംനെഞ്ചിൽ രണ്ടു പാളികളുമുണ്ട്. അവയെ പരിരക്ഷിക്കുന്ന കവചം പ്ലൂറയാണ്. ശ്വാസകോശങ്ങളിൽ ആകെയുള്ള വായുസഞ്ചാരപാതകളുടെ ദൈർഘ്യം കണക്കാക്കുകയാണെങ്കിൽ ഏതാണ്ട് 1500 മൈലുകൾ (2400 കിലോമീറ്റർ) കാണുമെന്നത് വിസ്മയകരംതന്നെ (രണ്ടു ശ്വാസകോശങ്ങളുടെയും ആകെ ഉപരിതലവിസ്തീർണം ഒരു ടെന്നീസ് കോർട്ടിന്റെയത്ര വരും).

നാം ശ്വസിക്കുന്ന അന്തരീക്ഷവായുവിലെ പ്രാണവായു ആഗിരണം ചെയ്താണ് ശ്വാസകോശത്തിൽ അശുദ്ധരക്തം ശുദ്ധമാകുന്നത്. എന്നാൽ, ഈ ശുദ്ധീകരണപ്രക്രിയയ്ക്കു വിലങ്ങുതടിയാകുന്നത് ശ്വാസകോശരോഗങ്ങൾതന്നെ. ഹൃദയവും ശ്വാസകോശവുമായുള്ള അഭേദ്യമായ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ ശ്വാസകോശങ്ങൾക്കുണ്ടാകുന്ന എല്ലാ രോഗാവസ്ഥകളും നേരിട്ടോ പരോക്ഷമായോ ഹൃദയത്തെയും ബാധിക്കും. ശരീരത്തിന്റെ നാനാഭാഗങ്ങളിൽനിന്നുള്ള അശുദ്ധരക്തം ഹൃദയത്തിന്റെ വലത്തേ അറകൾവഴി ശ്വാസകോശത്തിലെത്തിച്ചേരുന്നു. അവിടെ ശുദ്ധീകരണപ്രക്രിയ നടന്നശേഷം ശുദ്ധരക്തം ഹൃദയത്തിന്റെ ഇടത്തെ അറകളിൽ എത്തിച്ചേരുന്നു. ഇടത്തെ കീഴറ സങ്കോചിക്കുമ്പോൾ രക്തം മഹാധമനിയും അതിന്റെ ശാഖോപശാഖകളുംവഴി ശരീരമാസകലം എത്തിച്ചേരുന്നു. ഈ പ്രക്രിയ നിർവിഘ്നം നടക്കേണ്ടത് ജീവസന്ധാരണത്തിന് അനിവാര്യമാണ്.

ശ്വാസകോശത്തെ ബാധിക്കുന്ന അണുബാധ എപ്രകാരം ഹൃദ്രോഗത്തിനു കാരണമാകുന്നുവെന്നു നാം കൊവിഡ്-19 വ്യാപനകാലത്തു പ്രകടമായി അനുഭവിച്ചറിഞ്ഞു. രണ്ടു വിധത്തിലാണ് രോഗതീവ്രതയുണ്ടായത്: ഒന്ന്, നേരത്തേ ഹൃദയസംബന്ധമായ യാതൊരു രോഗവുമില്ലാത്തവരിൽ പുതുതായുണ്ടായ ഹൃദയാഘാതം. രണ്ടാമത്തേത്, ഹൃദ്രോഗനിർണയം ചെയ്തവരിലും അതിനു സാധ്യതയുള്ളവരിലും ഹാർട്ടറ്റാക്കുണ്ടായി അപകടാവസ്ഥയിലേക്കുള്ള പതനം. വൈറസ്ബാധയോടനുബന്ധിച്ചുണ്ടായ പനിയും ശ്വാസതടസ്സവുംമൂലം രക്തത്തിലുണ്ടായ പ്രാണവായുവിന്റെ അപര്യാപ്തതയെ പരിഹരിക്കാനായി ഹൃദയപ്രവർത്തനം ത്വരിതഗതിയിലായി. ഈ അമിതഭാരം ഹൃദയത്തിനു കടുത്ത ആഘാതമുണ്ടാക്കി.

കൊവിഡ്-19 രോഗബാധയുണ്ടായതിനുശേഷം, ശ്വാസകോശങ്ങളിൽ വൈറസ് ഉണ്ടാക്കിയ ദീർഘകാലപ്രത്യാഘാതങ്ങളെക്കുറിച്ചു പരശതം പഠനങ്ങൾ നടന്നിട്ടുണ്ട്. ഈ പഠനങ്ങളുടെ ഫലങ്ങൾ പ്രകാശിതമായിക്കൊണ്ടിരിക്കുന്നു. എല്ലാ പഠനങ്ങളിലുംതന്നെ കൊവിഡ്ബാധിതരുടെ ശ്വാസകോശത്തിൽ ശാശ്വതമായ, ഘടനാപരമായ, അപചയവ്യതിയാനങ്ങൾ ഉണ്ടായതായി തെളിഞ്ഞു. ന്യൂമോണിയ, ആസ്ത്മ, ബ്രോങ്കൈറ്റിസ്, പൾമനറി ഫൈബ്രോസിസ് തുടങ്ങിയവ കൊവിഡ്ബാധയുടെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങളായി പരിഗണിക്കപ്പെടുന്നു.

കൊവിഡിനുശേഷം ഉണ്ടായിക്കൊണ്ടിരിക്കുന്ന ശ്വാസകോശസംബന്ധമായ രോഗങ്ങളെപ്പറ്റി, ഇക്കഴിഞ്ഞ മാർച്ചുമാസം പ്രസിദ്ധീകൃതമായ ലാൻസെറ്റ് മാസികയിലെ പഠനഫലങ്ങൾ കൂടുതൽ വെളിച്ചം വീശുന്നു. കൊവിഡ് ബാധിതരെ ഉൾപ്പെടുത്തി രണ്ടു വർഷക്കാലത്തോളം നടത്തിയ ഗവേഷണനിരീക്ഷണങ്ങൾ തികച്ചും ഭീതിജനകമായ ഫലങ്ങളാണു പുറത്തുകൊണ്ടുവന്നത്. ഗുരുതരമായ കൊവിഡ്ബാധയെ അതിജീവിച്ചവരിൽ 30 ദിവസങ്ങൾക്കുശേഷം ശ്വാസകോശസംബന്ധമായ രോഗാതുരതകൾ (ആസ്ത്മ, ബ്രോങ്കിയെക്റ്റാസിസ്, സി.ഒ.പി.ഡി., ശ്വാസകോശാർബുദം) കൂടിക്കൊണ്ടിരിക്കുന്നതായി പഠനങ്ങൾ കണ്ടുപിടിച്ചു.

നഗരവത്കരണം ഊർജസ്വലമായി മുന്നേറുന്നതോടെ സംഭവിക്കുന്ന രണ്ടു പ്രതിഭാസങ്ങളാണ് ഗതാഗതത്തിരക്കും അന്തരീക്ഷമലിനീകരണവും. അന്തരീക്ഷ-വാതകമലിനീകരണം ഇന്നു ലോകം നേരിടുന്ന ഏറ്റവും ഭീഷണമായ പ്രശ്നമാണ്. ലോകത്തുള്ള 92 ശതമാനം ആൾക്കാരും അശുദ്ധവായു ശ്വസിക്കുന്നവരാണെന്നാണു പുതിയ പഠനഫലം. ഈ ദാരുണപ്രതിഭാസം ആഗോളമായി അഞ്ചുലക്ഷം കോടി ഡോളറിന്റെ അധികബാധ്യതയാണ് ലോകരാഷ്ട്രങ്ങൾക്കുണ്ടാക്കുന്നത്. ഭീതിദമായി വർധിച്ചുവരുന്ന ഓസോൺ മലിനീകരണത്തിന്റെ പ്രത്യാഘാതമായി 2030 ആകുന്നതോടെ കൃഷിയുത്പന്നങ്ങളുടെ ഉത്പാദനം 26 ശതമാനമായി കുറയും. വായുമലിനീകരണംമൂലം ആഗോളതലത്തിൽ പ്രതിവർഷം ഏഴു ദശലക്ഷം ആൾക്കാരാണ് അകാലത്തിൽ മരണപ്പെടുന്നത്. ഇതിൽ 38 ശതമാനം ഹൃദ്രോഗം, 20 ശതമാനം മസ്തിഷ്കാഘാതം, 18 ശതമാനം ക്രോണിക് ഒബ്ട്രക്റ്റീവ് പൾമനറി ഡിസീസ് (സിഒപിഡി) 18 ശതമാനം ശ്വാസകോശരോഗങ്ങൾ, 6 ശതമാനം ശ്വാസകോശാർബുദം എന്നീ രോഗങ്ങൾമൂലം മരണപ്പെടുന്നു. വായുമലിനീകരണം ഏറ്റവും കൂടുതലുള്ള ലോകത്തെ നഗരങ്ങളിൽ പലതും നമ്മുടെ രാജ്യത്താണെന്ന വസ്തുത ഭൂരിപക്ഷം ഇന്ത്യക്കാർക്കും അറിയില്ല. തലസ്ഥാനനഗരിയായ ഡൽഹിയുടെ പ്രാന്തപ്രദേശത്തുള്ള ഗുരുഗ്രാമാണു വായുമലിനീകരണത്തിൽ ലോകത്തിൽ മുൻനിരയിൽ. ചിലിയിലെ ഒസോർനോ, കോങ്കോയിലെ കിൻഷാസ, ഡാക്ക, ലാഹോർ എല്ലാം വായുമലിനീകൃതമായ നഗരങ്ങളുടെ മുൻപന്തിയിലാണ്.

പഞ്ചാബ്, ഹരിയാന അതിർത്തികളിലെ കൃഷിയിടങ്ങളിൽനിന്നുള്ള പുകയും മാലിന്യങ്ങളും മഞ്ഞും തിങ്ങി ഡൽഹിയിലെ അന്തരീക്ഷമലിനീകരണം ഗുരുതരാവസ്ഥയിലെത്തി. പോരാത്തതിന് ഉൾക്കൊള്ളാവുന്നതിലധികമായ വാഹനങ്ങളിൽനിന്നു ബഹിർഗമിക്കുന്ന വിഷവാതകങ്ങൾകൂടിയാകുമ്പോൾ ഡൽഹിജീവിതം ദുസ്സഹമാകുന്നു. നൂറിനു താഴെയായിരിക്കേണ്ട വായുനിലവാരസൂചിക (എയർ ക്വാളിറ്റി ഇൻഡക്സ്) കഴിഞ്ഞ ശീതകാലത്ത് 400 കവിഞ്ഞിരുന്നു. 20 സിഗററ്റ് വലിക്കുന്നതിനു തുല്യമായ മലിനവായുവാണ് ഒരു നവജാതശിശു ശ്വസിക്കുന്നതെന്ന് ഡൽഹിയിലെ ശിശുരോഗവിദഗ്ധർ പറയുന്നു. കേരളത്തിലെ വാഹനപ്പെരുപ്പവും പ്ലാസ്റ്റിക്കിന്റെ വിനിയോഗവും അന്തരീക്ഷമാലിന്യങ്ങളുടെ ആധിക്യവും ഓടകളിൽ കെട്ടിക്കിടക്കുന്ന മലിനജലവും ഭാവിയിൽ ഉണ്ടാകാൻ പോകുന്ന പുതിയ രോഗങ്ങൾക്കു വിത്തുപാകുന്നു. ഇടുങ്ങിയ റോഡുകളിലെ ചിട്ടയില്ലാത്ത ട്രാഫിക്കും കുമിഞ്ഞുകൂടുന്ന പുകപടലവും കൊച്ചീനഗരവാസികളെ ഇപ്പോഴേ ശ്വാസംമുട്ടിച്ചുതുടങ്ങി.

അന്തരീക്ഷമലിനീകരണം ഹാർട്ടറ്റാക്കിനു വഴിയൊരുക്കുന്ന പ്രതിഭാസം നാം കാണുന്നു. വർധിച്ച ഗതാഗതത്തിരക്കിലും വായുമലിനീകരണത്തിലുംപെട്ടവർക്കു ഹൃദ്രോഗസാധ്യത എട്ടു ശതമാനത്തിലേറുമെന്നു പഠനങ്ങൾ വെളിപ്പെടുത്തുന്നു. ഇത് മറ്റ് ഉദ്ദീപനഘടകങ്ങളുടെ മുൻപന്തിയിൽ നിൽക്കുന്നു. ആഗോളതലത്തിൽ ഹൃദയധമനീരോഗങ്ങൾമൂലമുള്ള മരണസംഖ്യയുടെ 37 ശതമാനവും വായുമലിനീകരണത്തെത്തുടർന്നാണ്. മലിനവായുവിൽ ഉൾക്കൊണ്ടിരിക്കുന്ന പി.എം. 10 എന്ന ഘടകം ഹാർട്ടറ്റാക്കുണ്ടാകുന്നതിനുപിന്നിൽ ഉദ്ദീപനഘടകമായി പ്രവർത്തിക്കുന്നു (pm = particulate matter). നൈട്രജൻ ഓക്സൈഡും പുകയിലപ്പുകയും പ്രാണവായു കുറഞ്ഞ മറ്റു പുകമിശ്രിതങ്ങളും വിഷലിപ്തമായ പൊടിപടലങ്ങളുമൊക്കെക്കൂടിയ മലിനീകൃതമായ അന്തരീക്ഷവായു സ്ഥിരമായി ശ്വസിച്ചാൽ ഹാർട്ടറ്റാക്കുണ്ടാകാനുള്ള സാധ്യത പതിന്മടങ്ങാകുമെന്ന് അമേരിക്കയിലെ 90 നഗരങ്ങളിലുള്ള 50 ദശലക്ഷം ആൾക്കാരിൽ നടത്തിയ 'നാഷണൽ മോർട്ടാലിറ്റി ആൻഡ് മോർബിസിറ്റി എയർ പൊല്യൂഷൻ സ്റ്റഡി' തെളിയിച്ചു. ജീവിതകാലം മുഴുവൻ മലിനമായ അന്തരീക്ഷത്തിൽ ജീവിക്കാൻ വിധിക്കപ്പെട്ടവർക്ക് ആയുർദൈർഘ്യം സാരമായി കുറയുന്നു.

ചൈനയിലെ 318 നഗരങ്ങളിൽനിന്നുള്ള 12 ദശലക്ഷം ആൾക്കാരെ ഉൾപ്പെടുത്തി നടത്തിയ പഠനത്തിൽ (2022) പർട്ടിക്കുലേറ്റ് മാറ്റർ 2.5, നൈട്രജൻ ഡയോക്സൈഡ്, സൾഫർ ഡയോക്സൈഡ്, കാർബൺ മോണോക്സൈഡ്, ഓസോൺ തുടങ്ങിയ വിഷവാതകങ്ങൾ ശ്വസിച്ചവരിൽ മണിക്കൂറുകൾക്കകം ഹാർട്ടറ്റാക്കുണ്ടായതായി കണ്ടു.

വായുമലിനീകരണംമൂലം ഹാർട്ടറ്റാക്കുണ്ടാകുന്നത് ഏറെ സങ്കീർണമായ പ്രക്രിയയിലൂടെയാണ്. തുടർച്ചയായി വിഷലിപ്തമായ വായു ശ്വസിച്ചാൽ ഹൃദയധമനികളിൽ രക്തക്കട്ടയുണ്ടാകാനുള്ള സാധ്യതയേറുന്നു. ക്രമം തെറ്റിയ നെഞ്ചിടിപ്പുണ്ടാകുന്നു. പെട്ടെന്ന് കൊറോണറി ധമനികൾ ചുരുങ്ങുന്നു. അമിതമായ ഓക്സീകരണവും ധമനീവീക്കവുമുണ്ടാകുന്നു. മേല്പറഞ്ഞ പ്രതികൂലസാഹചര്യങ്ങളെല്ലാം ഹൃദയധമനികളിലെ പ്ലാക്കു പൊട്ടി അവിടെ രക്തക്കട്ടയുണ്ടാകുന്നതിനുള്ള ശക്തമായ ട്രിഗറുകളാകുന്നു. ഇതു ഹാർട്ടറ്റാക്കിലേക്കു നയിക്കുന്നു.

ഹൃദയാരോഗ്യത്തിനു ഹൃദയത്തെമാത്രം ശ്രദ്ധിച്ചാൽപോരാ; ഹൃദയവുമായി അഭേദ്യമായി ബന്ധപ്പെട്ടുകിടക്കുന്ന അവയവങ്ങൾക്കേല്ക്കുന്ന ആഘാതവും ഹൃദയാരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു. പഴക്കംചെന്ന ശ്വാസകോശരോഗങ്ങൾ, ഹൃദയപരാജയത്തിനു കാരണമാകുന്നു. സി.ഒ.പി.ഡി., പൾമനറി മെറ്റബോളിസം, ഇന്റർസ്റ്റീഷ്യൽ ലങ്ങ് ഡിസീസ്, ബ്രോങ്കിയെക്റ്റാസിസ് തുടങ്ങിയ പഴക്കംചെന്ന ശ്വാസകോശരോഗങ്ങൾമൂലം ഹൃദയത്തിലെ വലത്തെ അറകളിൽ മർദം കുറയുകയും കാലക്രമത്തിൽ അതു ഹൃദയപരാജയത്തിനു ഹേതുവാകുകയും ചെയ്യുന്നു. ഇതു ഗുരുതരമാകുന്നതോടെ ശയ്യാവലംബിയാകുന്ന രോഗി മരണത്തെ അഭിമുഖീകരിക്കുന്നു.

അതുപോലെ, വൃക്കകളുടെ ആരോഗ്യം സുഗമമായ ഹൃദയപ്രവർത്തനത്തിന് അനിവാര്യമാണ്. വൃക്കപരാജയംമൂലം രക്തസമ്മർദം കൂടുന്നു. ശരീരത്തിൽ ജലം കെട്ടിക്കിടക്കുന്നു; ഇതു രണ്ടും ഹൃദയത്തിനു കൂടുതൽ ലോഡുണ്ടാക്കുന്നു; അതു ഹൃദയപരാജയത്തിനും മരണത്തിനും കാരണമാകുന്നു.

മസ്തിഷ്കത്തിന്റെ ആരോഗ്യം ശരീരത്തിന്റെ ആരോഗ്യമെന്നു പറയുന്നതുപോലെ, തലച്ചോറിനുണ്ടാകുന്ന രോഗങ്ങളും മറ്റവയവങ്ങളുടെ സുഗമമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു. വിഷാദരോഗം, സ്ഥിരമായ ഉത്കണ്ഠ, പി.റ്റി.എസ്.ഡി., അപസ്മാരം, തലച്ചോറിനേൽക്കുന്ന ആഘാതം എല്ലാം ഹൃദയത്തെയും പ്രതികൂലമായി ബാധിക്കുന്നു. തലച്ചോറിലെ സിരകൾ ഹൃദയസ്പന്ദനവേഗം നിയന്ത്രിക്കുന്നു.

ചുരുക്കത്തിൽ, ഹൃദയപ്രവർത്തനം ശരീരത്തിലെ മറ്റവയവങ്ങളുടെ കൂട്ടായ സഹകരണത്തോടെയാണു കേടുപാടുകൂടാതെ മുന്നോട്ടുപോകുന്നത്. അതുകൊണ്ട്, ഹൃദയത്തെ രോഗാതുരതകളിൽനിന്നു സംരക്ഷിക്കണമെങ്കിൽ മറ്റവയവങ്ങളുടെയും ആരോഗ്യസുരക്ഷ ഉറപ്പാക്കണം.

*(ലേഖകൻ എറണാകുളം ലൂർദ് ഹോസ്പിറ്റലിൽ സീനിയർ കൺസൾട്ടന്റ് കാർഡിയോളജിസ്റ്റാണ്.)*

Deepanalam Weekly
RNI No : 16998/68
Vol. 57 No. 41 Date of Publication 12 December 2024
Annual Subscription Rate ₹ 400 (For Abroad ₹ 4500)
Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment













Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org